2014
മെയ് 10
വാല്യം 07
ലക്കം 09
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# ബൈബിൾ അമേരിക്കയുടെ പ്രിയഗ്രന്ഥം

പ്രകാശ് പി കോശി




**ബൈ**ബിളിനും ക്രിസ്തു വിശ്വാസത്തിനും പാശ്ചാത്യലോകത്തിൽ പ്രസക്തി കുറയുകയാണെന്ന പ്രചാരണവും വാർത്തകളും നമ്മെ അസ്വസ്ഥരാക്കുമ്പോൾ ഇതിന് വിപരീതമായി ബൈബിൾ ഇന്നും അമേരിക്കയിലെ ഏറ്റവും പ്രിയപ്പെട്ട പുസ്തകം ആണെന്ന് അടുത്തയിടെ പ്രമുഖ പോൾ ഏജൻസിയായ ഹാരീസ് പോൾ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ഹാരീസിന്റെ വെബ്സൈറ്റിൽ കഴിഞ്ഞ ഏപ്രിൽ 29ന് പ്രസിദ്ധീകരിച്ച പഠനപ്രകാരം അമേരിക്കൻ ജനതയുടെ ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം ഇന്നും ബൈബിളാണ്. 2009-ൽ ഇതേ ഏജൻസി നടത്തിയ സർവ്വേയിലും ബൈബിൾ ഒന്നാമതെത്തിയിരുന്നു.

ഹാരീസ് പോൾ സർവ്വേയിൽ പങ്കെടുത്ത 2234 അമേരിക്കൻ പൗരന്മാരോട് അവർക്ക് ഏറ്റവും പ്രിയങ്കരമായ പുസ്തകം തെരഞ്ഞെടുക്കാൻ പറഞ്ഞപ്പോൾ ബൈബിൾ ഒന്നാമതെത്തി. രണ്ടാമത്തെ പോപ്പുലർ ബുക്ക് മാർഗരറ്റ് മിസ്ചലിന്റെ 'ഗോൺ വിത്ത് ദ വിൻഡ്' ആണ്. ലിസ്റ്റിൽ മൂന്നാമതെത്തിയ പുസ്തകം ജെ. കെ. റൗവ്ലിങ്ങിന്റെ 'ഹാരിപോട്ടർ' ആണ്. 2008-ൽ ആദ്യത്തെ പത്ത് പുസ്തക ലിസ്റ്റിൽ സ്ഥാനം നേടിയ ഡാൻ ബ്രൗണിന്റെ 'ദ ഡാവിഞ്ചി കോഡും', 'ഏയ്ഞ്ചൽസ് ആന്റ് ഡെമൺസും' 2014-ലെ ലിസ്റ്റിൽ നിന്ന് പുറത്തായി. അമേരിക്കയിലെ എല്ലാവിധ ജന വിഭാഗങ്ങളുടെയും ഇടയിൽ നടത്തിയ സർവ്വേയിൽ ബൈബിൾ ഒന്നാമതെത്തിയപ്പോൾ മറ്റ് പുസ്തകങ്ങളുടെ സ്ഥാനം ഓരോ ജനസമൂഹത്തിന്റെയും അഭിരുചിക്കും സംസ്കാരത്തിനും വംശീയതയ്ക്കും അനുസരിച്ചായിരുന്നു.

പുരുഷന്മാരുടെ രണ്ടാമത്തെ പ്രിയ പുസ്തകം "ദ് ലോർഡ് ഓഫ് ദ റിങ്സ്" ആയപ്പോൾ സ്ത്രീകൾ 'ഗോൺ വിത്ത് ദ വിൻഡ്' തിരഞ്ഞെടുത്തു. വെളുത്ത വർഗ്ഗക്കാരുടെ രണ്ടാമത്തെ ഇഷ്ടപ്പെട്ട പുസ്തകം 'ഗോൺ വിത്ത് ദ വിൻഡാ'യപ്പോൾ കറുത്ത വർഗ്ഗക്കാരുടെ രണ്ടാമത്തെ പുസ്തകം 'മൊബിഡി'ക്കാണ്. അതേസമയം ഹിസ്പാനിക്ക്സ് 'ദ ഗ്രേറ്റ് ഗാറ്റ്സ്ബി' തങ്ങളുടെ രണ്ടാമത്തെ ഇഷ്ട

06

## നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് സമ്മേളനം ജൂലൈ 24 മുതൽ


ഡോ. മൈക്കിൾ ബേക്കർ


ബിഷപ്പ് ഇസ്മായേൽ ചാൾസ്


പാസ്റ്റർ വി. ഓ വർഗീസ്


ബിഷപ്പ് ക്രിസ് മൂഡി


റവ. പി.ജെ. ജെയിംസ്

**അറ്റ്ലാന്റാ:** ജൂലൈ 24 മുതൽ 27 വരെ അറ്റ്ലാന്റോ ഇന്റർനാഷണൽ എയർപോർട്ടിനടുത്തു സ്ഥിതി ചെയ്യുന്ന ഹിൽട്ടൺ ഹോട്ടലിൽ പാസ്റ്റർ ഷിബു തോമസ്സ് (പ്രസിഡന്റ്), പാസ്റ്റർ ജോർജ് സാംകുട്ടി (വൈസ് പ്രസിഡന്റ്), ബ്രദർ വിജു തോമസ് (സെക്രട്ടറി), ബ്രദർ തോമസ് മാത്യൂ (ട്രഷറാർ), പാസ്റ്റർ എബ്രഹാം ജോയി (യൂത്ത്) എന്നിവർ നേതൃത്വം കൊടുക്കുന്ന 19-ാമതു നോർത്ത് അമേരിക്കൻ ദൈവസഭയുടെ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക്.

പങ്കെടുക്കുന്നവർക്ക് കുറഞ്ഞ ചിലവിൽ താമസിക്കാൻ വിശാലമായ ഹോട്ടലും വിഭവസമൃദ്ധമായ ഭക്ഷണങ്ങളും ലഭിക്കുന്നതിനായി വേണ്ട ക്രമീകരണങ്ങൾ ലോക്കൽ കമ്മിറ്റി ചെയ്തു കഴിഞ്ഞു. മെയ് 31നു മുമ്പായി രജിസ്റ്റർ ചെയ്യുന്നവർക്ക് വളരെ മിതമായ നിരക്കിൽ താമസ-ഭക്ഷണ സൗകര്യങ്ങൾ ലഭിക്കുന്നതാണ്. പ്ലെയിനിൽ വരുന്നവർക്കായി എയർപോർട്ടിൽ നിന്നും ഹോട്ടലിലേക്ക് എല്ലാ പതിനഞ്ചു മിനിറ്റിലും യാത്രാസൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

"പെന്തെക്കോസ്തിന്റെ ശക്തി" അപ്പോ.പ്രവൃ. 1:8 എന്നതാണ് ചിന്താവിഷയം. മനോഹരവും വിശാലവുമായ ഹോട്ടൽ സമ്മേളനത്തിനു ലഭിച്ചതിനാൽ എല്ലാ പ്രോഗ്രാമുകളും യഥേഷ്ടം നടത്തുവാൻ ഇടയാകും.

കോൺഫ്രൻസിന്റെ പ്രമോഷണൽ മീറ്റിംഗുകൾ ഏപ്രിൽ 20 മുതൽ ആരംഭിക്കും സൗത്ത് കരോലിന, ഡാലസ്, ഹൂസ്റ്റൻ, ഒക്കലഹോമ, ടെന്നസി, ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലദൽഫിയ മുതലായ പട്ടണങ്ങളിൽ പ്രമോഷണൽ മീറ്റിംഗുകൾ

04

## ഓവർസിയർ കാലാവധി 8 വർഷം ആക്കാൻ നീക്കം; പ്രതിഷേധം വ്യാപകം

**ചെന്നൈ:** ഇന്ത്യയിലെ ഓവർസിയറുമാരുടെ കാലാവധി മിനിമം 8 വർഷം ആക്കാൻ അണിയറയിൽ നീക്കം. ഓവർസിയർമാരുടെ ഏകാധിപത്യപരമായ ഭരണത്തിനെതിരെ രാജ്യത്തിലുടനീളം ഉയരുന്ന പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ നീക്കം എന്നറിയുന്നു. ദൈവസഭയിൽ ജനാധിപത്യക്രമം ശക്തിപ്പെട്ടുവരുന്നതിൽ വിറളിപൂണ്ട സഭാനേതൃത്വം പ്രതിഷേധസ്വരങ്ങളെ അടിച്ചമർത്താനുള്ള ശ്രമത്തിലാണ്. കേരളത്തിൽ ശുശ്രൂഷകന്മാരുടെയിടയിൽ നടക്കുന്ന പ്രിഫറൻസ് ബാലറ്റിലൂടെയാണ് സമീപകാലത്ത് ഓവർസിയറുമാരെ തീരുമാനിച്ചിരുന്നത്. എന്നാൽ ഈ സാഹചര്യങ്ങളെ മറികടക്കാനുള്ള ഗൂഢാലോചനയാണ് നടന്നുവരുന്നത്. ഓവർസിയറുമാരുടെ കെടുകാര്യസ്ഥതയും അഴിമതിയും നിമിത്തം ഇന്ത്യയിൽ സഭാവളർച്ച മന്ദഗതിയിലാണ്. അധികാരവികേന്ദ്രീകരണവും ധനകാര്യ മാനേജ്മെന്റും സുതാര്യതയും ഒട്ടുമില്ലാത്ത സ്വേച്ഛാധിപത്യ ശൈലിയിലാണ് ഭരണങ്ങൾ നടക്കുന്നത്. നോമിനേഷൻ സമ്പ്രദായത്തിലൂടെ ഓവർസിയർ ആയാൽ ഇവർക്ക് ശുശ്രൂഷകന്മാരോടും വിശ്വാസികളോടും വിധേയപ്പെടേണ്ട ആവശ്യമില്ല.

അടുത്ത മാസം ബാംഗ്ലൂരിൽ നടക്കുന്ന ഗവേണിംഗ് ബോഡിയിൽ പ്രമേയം ചർച്ചയ്ക്ക് കൊണ്ടുവരാനാണ് നീക്കം എന്ന് അറിയുന്നു. എന്നാൽ ഇതിനെതിരെ ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും പ്രതിഷേധം ഇരമ്പുകയാണ്. ജനറൽ ബോഡിയിൽ ബദൽ പ്രമേയം അവതരിപ്പിക്കാൻ ശുശ്രൂഷകന്മാർ തയ്യാറെടുക്കുന്നുണ്ട്. ദൈവസഭാ പോളിസിക്ക് വിരുദ്ധമായ നീക്കങ്ങളെ തടയിടുമെന്നാണ് ശുശ്രൂഷകന്മാരുടെ അഭിപ്രായം.

## സാക്ഷി



പോൾ തങ്കയ്യ ഏ. ജി. നേതൃത്വത്തിൽ മടങ്ങി വന്നു.

*പുറത്താകാനൊരു കാലം മടങ്ങിവരുവാൻ മറ്റൊരു കാലം.*

## പരമ്പര: കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?



# ഏകാധിപത്യത്തിന്റെ ജനാധിപത്യ സംഹാരം

**ജ**നാധിപത്യ സ്പർശനമില്ലാത്ത ഭരണ സംവിധാനമാണ് ചർച്ച് ഓഫ് ഗോഡിൽ നിലവിലുള്ളത്. ഏകാധിപത്യ പ്രവണതയുള്ള പാശ്ചാത്യ നിയന്ത്രണത്തിലാണ് അവരുടെ പ്രതിനിധിയായി ഓവർസീയർ ഭരണം നടത്തുന്നത്. അലാവുദ്ദീൻ അത്ഭുതവിളക്കുകൊണ്ട് വിസ്മയം സൃഷ്ടിക്കുന്നതുപോലെ ഓവർസീയറുടെ വൺമാൻ ഷോയിലൂടെയാണ് ഭരണം നിർവ്വഹിക്കപ്പെടുന്നത്. സഭയുടെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് ഓവർസീയർക്കല്ലാതെ മറ്റൊരാൾക്ക് അറിയാൻ സാധിക്കയില്ല. അതുമൂലം അഴിമതി എന്നെന്നും നിലനിൽക്കുന്നു. ചർച്ച് ഓഫ് ഗോഡ് മിഷൻബോർഡ് ജനാധിപത്യവാദിയായ കുക്കുസായിപ്പിനെ നാടുകടത്തിക്കൊണ്ടാണ് കേരളത്തിൽ വേരുറപ്പിച്ചത്. അവരുടെ ഔദ്യോഗിക ഭരണകർത്താവായ ഫ്രഞ്ച് സായിപ്പിനെ വാഴിക്കുക എന്നതിൽക്കവിഞ്ഞ് കുക്കുസായിപ്പിന്റെ പ്രയത്നങ്ങൾക്ക് അംഗീകാരം നല്കുകയെന്നത് അവരുടെ അജണ്ടയിലില്ലായിരുന്നു.

പാശ്ചാത്യ അധിനിവേശത്തിന്റെ അഞ്ചു നൂറ്റാണ്ടുകൾ ഒരു പുനർവായനയ്ക്ക് വിധേയമാക്കുമ്പോൾ ക്രൈസ്തവ ജനസമൂഹങ്ങളുടെ വളർച്ചയേയും വികാസത്തേയും കാര്യമായി പഠിക്കേണ്ടതുണ്ട്. മൂന്നാം ജനസമൂഹങ്ങളുടെ വിശേഷിച്ചും പ്രാന്തസ്ഥിത ജനവിഭാഗങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ തികഞ്ഞ അവധാനതയും ചരിത്രബോധവും കൂടിയേ പറ്റൂ. അധിനിവേശത്തിന്റെ അഭിശപ്ത സന്തതികളായി ക്രൈസ്തവ സമൂഹത്തെ കണക്കാക്കുന്നത് പ്രത്യേകിച്ച് യൂറോപ്പിന്റെ വെളിയിലുള്ള ക്രൈസ്തവ വിശ്വാസികളെ ഒറ്റ തട്ടകത്തിൽപ്പെടുത്തുന്നത് വിമർശിക്കപ്പെടേണ്ടതാണ്. യൂറോപ്യൻ ലോകവീക്ഷണത്തെ അപ്പാടെ ക്രൈസ്തവ വീക്ഷണം എന്നു മുദ്രകുത്തുന്നതിനുള്ള അപകടമാണ് ഈ ദുരന്തം ക്ഷണിച്ചുവരുത്തുന്നത്.

കോളനിവത്ക്കരണം ക്രൈസ്തവ സമൂഹത്തിന് ഏല്പ്പിച്ച ആഘാതങ്ങളെക്കുറിച്ച് കോളനിവിരുദ്ധ ചരിത്ര കുതൂകികൾ അന്വേഷിച്ചിട്ടില്ല. മറിച്ച് ഫ്രഞ്ചുകാരന്റെയും ഡച്ചുകാരന്റെയും ജാരസന്തതികളായി ഈ ന്യൂനപക്ഷത്തെ മുദ്രകുത്തി, അധിനിവേശിക സ്വത്വം പേറി ജീവിക്കുന്ന അഭിശപ്ത സന്തതികളെന്നു വ്യാഖ്യാനിക്കാനാണ് ഇവർക്കു താല്പര്യം. ഇതു ചോദ്യം ചെയ്തുകൊണ്ടു തന്നെ ക്രൈസ്തവ സമൂ

02

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ശുശ്രൂഷകരുടെ സ്ഥലംമാറ്റം ശിക്ഷിക്കാനാകരുത്




എല്ലാവർഷവും സ്ഥലംമാറ്റസമയം പെന്തെക്കോസ്ത് സഭകളെ സംബന്ധിച്ച് ശുശ്രൂഷകരുടെ പരാതിപ്രളയത്തിന്റെ കാലം കൂടിയാണ്. ശുശ്രൂഷകരുടെ സ്ഥലംമാറ്റത്തിന് യാതൊരു മാനദണ്ഡവുമില്ലാത്ത പ്രസ്ഥാനമാണ് പെന്തെക്കോസ്ത് സഭകൾ. സമുദായസഭകൾക്ക് ഇതിനായി പ്രത്യേകം മാനദണ്ഡമുണ്ട്. അതിനാൽ തന്നെ സമുദായസഭകളിൽ പരാതികളും തുലോം കുറവാണ്. സഭാനേതൃത്വത്തിന്റെ പ്രതികാരവും താൽപര്യകുറവും മൂലം ഒതുക്കപ്പെടുന്നവരാണ് പല ശുശ്രൂഷകരും എന്നത് പച്ചയായ യാഥാർത്ഥ്യം. സ്ഥലംമാറ്റകാലം ശുശ്രൂഷകരെ സംബന്ധിച്ചിടത്തോളം പരീക്ഷണഘട്ടം തന്നെയാണ്. സാധനങ്ങൾ കെട്ടിപ്പെറുക്കുന്നതുമുതൽ അവരുടെ കഷ്ടപ്പാടുകൾ ആരംഭിക്കുകയാണ്. കുഞ്ഞുങ്ങൾക്ക് പഠന സൗകര്യം കണ്ടെത്തുന്നതും ഇക്കാലത്ത് ചിലവേറിയ പ്രക്രിയയാണ്. മാനസിക സംഘർഷം വളരെ അനുഭവിക്കുന്ന ഒരു സമയമാണ്.

ഇപ്രാവശ്യം സ്ഥലംമാറ്റം കഴിഞ്ഞപ്പോൾ ധാരാളം ശുശ്രൂഷകർ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നേതൃത്വം കാണിച്ച നീതികേടിനെക്കുറിച്ച് എന്നോട് സംസാരിക്കുകയുണ്ടായി. ചിലതൊക്കെ കേട്ടപ്പോൾ മൂക്കത്ത് വിരൽ വെച്ചുപോയി. ഇങ്ങനെയും പ്രതികാരം ചെയ്യുന്ന നേതൃത്വം പെന്തെക്കോസ്തിലുണ്ടെന്ന് കേട്ടപ്പോൾ അന്തിച്ചുപോയി. നേതാവിന് സ്തുതിപാടാത്തവരും വോട്ട് നൽകാത്തവരും എല്ലാം ഒതുക്കപ്പെടുന്നത് സ്ഥലംമാറ്റസമയത്താണ്. സ്ഥലംമാറ്റക്കത്ത് നൽകിയതിനുശേഷം ഈ പാസ്റ്ററെ അവിടെ കേറ്റരുതെന്ന് മറ്റുള്ളവരെക്കൊണ്ട് വിളിച്ച് പറയിപ്പിച്ച് അവിടെയുമില്ല ഇവിടെയുമില്ല എന്ന സ്ഥിതിയിൽ ശുശ്രൂഷകനെ എത്തിക്കുന്നു. ഇതൊക്കെ ഒരു ആത്മീയ നേതൃത്വത്തിൽ നിന്ന് ഉണ്ടാകുവാൻ പാടില്ലാത്തതാണ്. ദൈവവിളിയുള്ളവരെയും യോഗ്യരെയും പ്രോത്സാഹിപ്പിക്കുവാനും അവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുവാനും സഭാനേതൃത്വത്തിനു കഴിയണം. എന്നാൽ നടക്കുന്നത് പലപ്പോഴും മറിച്ചാണ്. സ്തുതിപാടകരെയും കല്പനാലംഘികളെയും സഭ പിളർത്തുന്നവരെയുമൊക്കെ വീണ്ടും നല്ല സഭകളിലേക്ക് അയയ്ക്കുന്നത് ഗുരുതരമായ തെറ്റാണ്.

ചിലരുടെ കാര്യത്തിലെങ്കിലും സഭാനേതൃത്വത്തെ കുറ്റപ്പെടുത്തുവാൻ കഴിയുകയില്ല എന്നതാണ് സത്യം. സ്ഥലംമാറ്റസമയത്ത് ഒരു സഭയ്ക്കുംവേണ്ടാത്ത കുറച്ച് വഴക്കാളി പാസ്റ്ററുമാരെങ്കിലും ശേഷിക്കാറുണ്ട്. അവരെ സ്ഥലംമാറ്റ ലിസ്റ്റിൽ ഉൾക്കൊള്ളിക്കുവാൻ കഴിയാതെ നേതൃത്വം പെടാപ്പാട് പെടുന്നത് കാണാറുണ്ട്. മദ്ധ്യതിരുവിതാംകൂറിൽ മാത്രം കറങ്ങിനടക്കുന്ന ശുശ്രൂഷകർ വലിയ വരുമാനമുള്ള സഭകൾ മാത്രം കിട്ടുവാൻ നടത്തുന്ന ചരടുവലികളും ഇക്കാലത്ത് കാഴ്ചയാണ്. വലിയ സഭകൾ നേടിയെടുക്കുവാൻ നേതാവിന് മുഖസ്തുതിപാടുകയും കൈക്കൂലിക്കൊടുക്കുകയും ചെയ്യുന്ന കഥകൾ ധാരാളം. സ്ഥലംമാറ്റത്തിന് ശരിയായ മാനദണ്ഡം ഉണ്ടെങ്കിൽ ഇത്തരം പോരായ്മകളെല്ലാം പരിഹരിക്കുവാൻ കഴിയും. മലബാറിലും ഹൈറേഞ്ചിലും തെക്കൻ തിരുവിതാംകൂറിലുമൊക്കെ കഴിവുള്ള ശുശ്രൂഷകരുടെ സേവനം ലഭിക്കുകയും സഭകൾ വളരുകയും ചെയ്യുന്നു. മധ്യതിരുവിതാംകൂറിലെ വലിയ സഭകളിൽ ഇരിക്കുന്നവർ ഒരു ടേമെങ്കിലും മലബാറിൽ സേവനം ചെയ്യണം എന്നത് നിർബന്ധമാക്കണം.

വിദേശസഭകളിൽ മൂന്നും നാലും അഞ്ചും വർഷം ശുശ്രൂഷിച്ച് ധാരാളം പണം സമ്പാദിച്ചതിനു ശേഷം മടങ്ങിവരുന്ന ശുശ്രൂഷകരെയും ഇപ്രകാരം മലബാറിലോ പുതിയ മിഷൻ സ്റ്റേഷനിലോ പ്രവർത്തിക്കുവാൻ അയയ്ക്കണം. എന്നാൽ ദുഃഖകരം എന്നു പറയട്ടെ, ഇവിടെ ഏറ്റവും വരുമാനമുള്ളതും വലിയതുമായ സഭകളിലേക്കാണ് ഇത്തരക്കാർ ചേക്കേറുന്നത്. ഒരു പുരുഷായുസ്സ് മുഴുവനും കർത്താവിനായി അധ്വാനിക്കുന്ന നിഷ്കളങ്കരായ പല ദൈവദാസന്മാർക്കും അവസാനം വരെയും നല്ല വരുമാനമുള്ള സഭ ലഭിക്കാറില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം ഇവർക്ക് ശുപാർശ ചെയ്യുവാൻ ആളില്ല. മുഖസ്തുതിയും പരിചയമില്ല.

പ്രസ്ഥാനത്തിന്റെ വളർച്ചയും നന്മയും ആഗ്രഹിക്കുന്ന നേതാക്കന്മാർ നിഷ്പക്ഷമായി സ്ഥലംമാറ്റം ക്രമീകരിക്കുകയാണ് വേണ്ടത്. ശിങ്കിടി പാടുന്നവരെ യോഗ്യത നോക്കാതെ നല്ല സഭകളിൽ നിയോഗിക്കുമ്പോൾ ആ സഭയോട് ചെയ്യുന്നത് വലിയ ദ്രോഹമാണ്. കർത്തൃവയലിൽ നന്നായി അധ്വാനിക്കുന്ന വേലക്കാരെ പ്രോത്സാഹിപ്പിക്കുകയും ആശ്വസിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും ചെയ്യേണ്ട സന്ദർഭമാണ് സ്ഥലംമാറ്റ സമയം. അത് അവർക്ക് ഉത്തേജനം ആകും. സ്ഥലംമാറ്റ സമയത്ത് ഒരിക്കലും ശിക്ഷയ്ക്കാകരുത്.

## 01 ഏകാധിപത്യത്തിന്റെ ജനാധിപത്യ സംഹാരം....

ഹം തങ്ങളുടെ സ്വത്വനിർമ്മിതിയും അതിന്റെ രാഷ്ട്രീയവും വിശകലനം ചെയ്യണം. കേരള ക്രൈസ്തവർക്ക് അധിനിവേശത്തിനെതിരെ പോരാടിയ സുധീരമായ ഒരു ചരിത്രമുണ്ട്.

അധിനിവേശം ആധുനിക രൂപത്തിൽ നടപ്പാക്കപ്പെട്ടത് പോർച്ചുഗീസുകാരുടെ വരവോടെയാണ്. കോളനിവല്ക്കരണം കേവലം ഭൗതികവും സാമ്പത്തികവുമായ ഒരു പ്രതിഭാസം മാത്രമല്ല. സാംസ്ക്കാരികവും ആത്മീയവുമായ കീഴടക്കൽകൂടിയാണ്. സമഗ്രമായ ഒരു പിടിമുറുക്കൽ ഒരു ജനതയുടെ പരമാധികാരത്തിന്മേലും അഭിരുചികൾക്കുമേലും ചിന്താപദ്ധതികൾക്കുമേലുമുള്ള ആധിപത്യമാണ്.

മലങ്കര നസ്രാണികളുടെമേൽ രാഷ്ട്രീയവും ആശയപരവുമായ സ്വാധീനം ചെലുത്തുവാനുള്ള ശ്രമങ്ങളുടെ സ്ഥാപനമായിരുന്നു ആർച്ച് ബിഷപ്പ് മെനസിസിന്റെ മലങ്കരയിലെ പര്യടനവും ഉദയംപേർ സുന്നഹദോസും. സഭയെ പാശ്ചാത്യവൽക്കരിക്കുകയും കോളനിവത്ക്കരിക്കുകയുമായിരുന്നു സുന്നഹദോസിന്റെ ആത്യന്തിക ലക്ഷ്യം.

ഭരതസഭ നവകോളനിവാഴ്ചയുടെ ദോഷഫലങ്ങൾ ഇന്നും അനുഭവിക്കുകയാണ്. കേരളത്തിലെ പെന്തെക്കോസ്തു സമൂഹത്തിലും ഈ തിന്മ നാം അനുഭവിക്കുന്നുണ്ട്. അടിച്ചമർത്തിയവന്റെ മതം (Religion of oppressor) എന്ന മേൽവിലാസത്തിൽ നിന്ന് ഭാരത ക്രിസ്ത്യാനിത്വം ഇന്നും വ്യക്തമായിട്ടില്ല. ഇന്ത്യയിൽ പെന്തെക്കോസ്തിന്റെ തീജ്ജ്വാല പടർത്തിയ അനശ്വരരായ വിദേശ മിഷണറിമാരെ ആദരവോടെ അനുസ്മരിക്കുന്നു. ഇന്നും പരിത്യാഗത്തിന്റെ ചില മൂർത്തഭാവങ്ങൾ ഇവിടെ വരാറുണ്ട്. എന്നാൽ കേരളത്തിലെ പെന്തെക്കോസ്തു സഭകളിൽ നിയോ കോളോനിയിസം അടിച്ചേൽപ്പിക്കുന്നവരുണ്ട്. ഇവരുടെ ഇഷ്ടദേവന്മാരെ പിൻവാതിലിലൂടെ പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. സ്വാതന്ത്ര്യവും സ്വയംഭരണവും നിയമപ്രകാരം ഇവിടെ ഉറപ്പാക്കണം. ഭാരതസഭയുടെ സ്വയംഭരണ-സ്വയത്രാണ നീക്കങ്ങൾക്ക് കടിഞ്ഞാണിടുന്ന ഇവർ പരാശ്രയത്വം പ്രോത്സാഹിപ്പിക്കുകയാണ്. "ഭിന്നിപ്പിച്ചു ഭരിക്കുക" എന്ന പഴയ തന്ത്രം പുത്തൻശൈലിയിൽ ആവിഷ്ക്കരിക്കുകയാണിവർ.

പിന്നിട്ട നൂറ്റാണ്ടിലെ പെന്തെക്കോസ്തു സംസ്കാരത്തിന്റെ രൂപപ്പെടലിൽ ഇതിന്റെ സ്വാധീനങ്ങളാണ്. വേൾഡ് മിഷനിലെ സ്വാധീനം, പെട്ടെന്നുള്ള സ്ഥാനലബ്ധി, വലിയ സഭകളിലെ ശുശ്രൂഷ തുടങ്ങിയവയൊക്കെ വിദേശ ബന്ധങ്ങളുടെ സ്വദേശ പരിണാമങ്ങളാക്കാവുന്നതാണ്. ഭക്തിയും വിശുദ്ധിയും ആത്മാർത്ഥമായ കർത്തൃസേവനവും ഈ പുതിയ വ്യവസ്ഥിതിയിൽ ആദരിക്കപ്പെടാതെ പോകുന്നു. 'വേൾഡ്മിഷനിൽ പിടിയുള്ള നേതാവ്' എന്ന പ്രയോഗം പുതിയ അർത്ഥതലങ്ങൾ കണ്ടെത്തിയിരിക്കുന്നു.

മലങ്കരയിലെ പെന്തെക്കോസ്തു സമൂഹത്തിന് നേതൃത്വം നൽകിയ പൂർവ്വികന്മാർക്ക് തുടക്കംമുതലെ വിദേശ വിരുദ്ധമനോഭാവം പുലർത്തിയിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ സ്വാതന്ത്ര്യസമരത്തിന്റെ പ്രക്ഷോഭങ്ങൾ നടക്കുന്ന സാമൂഹിക പശ്ചാത്തലം കൂടിയായിരുന്നു അത്. പരിചയസമ്പന്നരായ നേതാക്കന്മാരെ ഒതുക്കി തങ്ങളുടെ ആജ്ഞാനുവർത്തികളെ നോമിനേഷൻ സമ്പ്രദായത്തിലൂടെ പ്രതിഷ്ഠിക്കുന്ന ഗൂഢതന്ത്രമായിരുന്നു മിഷൻബോർഡ് നടപ്പാക്കിക്കൊണ്ടിരുന്നത്. കഴിവുറ്റ നേതാവിനെയല്ല മറിച്ച് വിധേയത്വമുള്ള ഒരു ദാസനെയാണവർക്കിഷ്ടം. മലയാളിയെ ഇംഗ്ലീഷിൽ ഭരിക്കണമെന്നു പറയുന്നവർക്ക് അവരുടെ അജണ്ട നടപ്പിലാക്കുകയാണ് ലക്ഷ്യം. പ്രിഫറൻസ് ബാലറ്റിൽ ജയിച്ചവരുടെ പേരുവെട്ടി കാലുനക്കിയവരെ തിരുകിക്കയറ്റിയ സംഭവംപോലുമുണ്ട്. രാഷ്ട്രീയകളികൾക്കും അഴിമതിക്കും കൂട്ടുനിന്ന ഇവർക്ക് സഭയുടെ പിളർപ്പും വിശ്വാസികളുടെ കൊഴിഞ്ഞുപോക്കും പ്രശ്നമേ അല്ലാതായിരുന്നു.

വിദേശ നേതൃത്വംകൊണ്ട് ചർച്ച് ഓഫ് ഗോഡിൽ ചുരുക്കം ചില വകുപ്പുതലവന്മാർക്ക് മാത്രമെ ഗുണമുള്ളു. അവരുടെ വേതനംപോലും വെട്ടിക്കുറച്ചിരിക്കുകയാണ്. ക്രമേണ അതും ഇല്ലാതെയാവും. ഓവർസീയർ ലോക്കൽ സഭയുടെ ശുശ്രൂഷ ഏറ്റെടുക്കണമെന്ന നിർദ്ദേശംപോലും നിലവിലുണ്ട്. അനധിവിദൂരഭാവിയിൽ കേരളത്തിലെ സഭകൾ വിദേശബന്ധം വിച്ഛേദിക്കാനാണ് സാദ്ധ്യത.

ആധിപത്യ വർഗ്ഗത്തിന്റെ അധികാര ദർശനങ്ങൾതന്നെ ഇന്ന് ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയിട്ടുണ്ട്. സഭയുടെ രാഷ്ട്രീയമാനം ശാക്തീകരിക്കുന്നതിനുള്ള ശ്രമത്തിലൂടെയും അധികാരത്തിന്റെ പിരമിഡിക്കൽ രൂപങ്ങളെ തകിടം മറിച്ച് ആദിവിശ്വാസത്തിലേക്കുള്ള കൂട്ടായ്മയുടെ ഊർജ്ജ രൂപങ്ങളിൽ വ്യാപരിക്കുന്ന ദൈവീക ഇടപെടൽ തിരിച്ചറിയപ്പെടണം. ആഗോളീകരണ കാലഘട്ടത്തിലെ പാശ്ചാത്യവത്ക്കരണവും കോളനിവത്ക്കരണവും ഉൾപ്പെടെയുള്ള അധിനിവേശ പ്രവണതകളെ പ്രതിരോധിക്കുന്ന മൂല്യങ്ങളോടും സമകാലിക പ്രശ്നങ്ങളോടും പ്രതികരിക്കുന്ന ഒരു ദർശനത്തിന്റെ രൂപീകരണത്തോടുകൂടിയാണ് ഇത് സാദ്ധ്യമാവുക. ഈ വിശ്വാസ അടിത്തറയിലാണ് അധിനിവേശ വിരുദ്ധതയുടെ ചിന്താധാര രൂപം കൊള്ളുന്നത്.

പാർലമെന്ററി ഡെമോക്രാറ്റിക് സിസ്റ്റം നിലനിൽക്കുന്ന ആധുനിക സിവിൽ സമൂഹത്തിൽ സായിപ്പിന്റെ നോമിനേഷൻ സമ്പദായം വേണമോയെന്ന് നാം വീണ്ടുവിചാരം നടത്തണം. വത്തിക്കാൻ സിംഹാസനത്തിൽ ഇരുന്ന് ലോകം ഭരിക്കുന്ന പോപ്പിനെപ്പോലെ അമേരിക്കയിലിരുന്ന് മലയാളികളെ ഇംഗ്ലീഷിൽ ഭരിക്കുന്ന കേന്ദ്രീകൃത ഏകാധിപത്യ വ്യവസ്ഥ ഗുണകരമോ? അമേരിക്കൻ അപ്രമാദിത്വം ആർക്കുവേണ്ടി.? സാമന്തന്മാരായ ഓവർസീയർമാരുടെ ഏകാധിപത്യ ഭരണശൈലിയുടെ ദുഷ്പ്രവണതകൾ അടുത്ത ലക്കങ്ങളിൽ വായിക്കാം

തുടരും....

Visit Us
Website
www. beljourn.com
Email: beljourn@gmail.com

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

### ദുരുപദേശം (കൾട്ടുകൾ) ഉയർത്തുന്ന ഭീഷണികൾ

കൾട്ട്, ഒക്കൾട്ട്, പേഗനിസം, ജ്ഞാനവാദം തുടങ്ങിയവ ക്രൈസ്തവസഭയുടെ ആരംഭം മുതൽ ഭീഷണി ഉയർത്തിയിട്ടുള്ളവയാണ്. ദുരുപദേശങ്ങളിൽ വിശ്വസിക്കുന്നവർ തങ്ങളുടെ ഉപദേശവിശ്വാസങ്ങൾ തെറ്റാണെന്നു കരുതുന്നില്ല. വിചിത്രമായ ഉപദേശങ്ങളും പരേതാത്മാക്കളുമായുള്ള ബന്ധങ്ങളുടെ അനുഭവവും ഉണ്ടായിരുന്ന ആനിബസന്റിന്റെ തിയോസഫിക്കൽ സൊസൈറ്റിപോലും യഥാർത്ഥ ക്രിസ്തീയ ഉപദേശം അവരുടെതാണെന്നു പഠിപ്പിച്ചു.

കൾട്ട് ഒരു മതമോ മതസംഹിതയോ അല്ല. വ്യവസ്ഥാപിതമതത്തിൽ നിന്നുള്ള ഉപദേശഭേദമാണിത്. മതത്തിന്റെ അടിസ്ഥാന ആശയങ്ങൾക്കു വിരുദ്ധമായി പ്രത്യേക അവകാശവാദങ്ങളോടെ മുളയ്ക്കുന്ന ഈ മതഭേദം മതത്തിന്റെയും ഭക്തിയുടെയും ആട്ടിൻതോലാണ് അണിയുന്നത്. എല്ലാ മതങ്ങളിലും കൾട്ട് ഗ്രൂപ്പുകൾ ഉണ്ട്. ഉപദേശപരമായ വ്യത്യാസം മാത്രം കൊണ്ട് ഒരു സമൂഹത്തെ കൾട്ട് വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ല. ക്രിസ്തീയ സഭകൾ തന്നെ ഉപദേശത്തിന്റെയും ഭരണസംവിധാനത്തിന്റെയും നേരിയ വ്യത്യാസങ്ങൾ പുലർത്തുന്നു. എങ്കിലും അടിസ്ഥാനപരമായ ചരിത്രവും ദൈവശാസ്ത്രവും അംഗീകരിക്കുന്നു. ഈ അംഗീകാരമാണ് വിവിധ സഭകളെ ഏകീകരിക്കുന്നത്. എന്നാൽ കൾട്ടുകൾ ക്രിസ്തീയ വിശ്വാസത്തിന്റെ ചരിത്രപരമായ ഘടകങ്ങളും അടിസ്ഥാന ദൈവശാസ്ത്ര വിഷയങ്ങളും ത്യജിക്കുന്നു. ബൈബിൽ നിന്നും ബൈബിളാണ് പഠിപ്പിക്കുന്നത് എങ്കിലും ബൈബിളിന്റെ അടിസ്ഥാനപരമായ ഉപദേശങ്ങൾ നിഷേധിക്കുകയാണിവർ. പ്രഥമ നൂറ്റാണ്ടിലെ ചില കൾട്ടുകൾ യേശുക്രിസ്തുവിന്റെ ദൈവത്വം നിഷേധിച്ചു. മറ്റു ചിലത് യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെ നിഷേധിച്ചു ആദ്യ നൂറ്റാണ്ടിലെ ഉപദേശഭേദങ്ങൾ പ്രധാനമായും യേശുക്രിസ്തുവിന്റെ ദൈവത്വത്തെ കേന്ദ്രീകരിച്ചിട്ടുള്ളവ ആയിരുന്നു. വിവിധ തത്ത്വശാസ്ത്രങ്ങളുടെ സ്വാധീനം കൊണ്ട് ഉരുത്തിരിഞ്ഞ ഉപദേശവികല്പങ്ങൾ പിന്നീടുള്ള നൂറ്റാണ്ടുകളിൽ ഉണ്ടായി. ജ്ഞാനവാദം, സിബല്യനിസം, മോണാർക്കനിസം, അപ്പല്ലോറിയനിസം സഭയുടെ ആരംഭഘട്ടങ്ങളിൽ സഭയുടെ ഉപദേശത്തെ സ്വാധീനിച്ച ചില ഉപദേശഭേദങ്ങൾ, മോർമോണിസം റസ്സിലിസം, യുയോമയം, ശാബത്, ക്രിസ്റ്റ്യൻസയൻസ് തുടങ്ങിയവ ഇക്കാലത്തെ പ്രധാന ഉപദേശഭേദങ്ങളായി പരിഗണന അർഹിക്കുന്നു. അടുത്തക്കാലത്ത് പരിശുദ്ധാത്മാവിന്റെ ഉപദേശങ്ങളിൽ അടിസ്ഥാനമില്ലാത്ത വാദങ്ങളുമായി ചിലർ മുന്നോട്ടുവരുന്നതും വിവേചനബുദ്ധിയോടെ വീക്ഷിക്കേണ്ടതാകുന്നു. ഭക്തിയും വചനജ്ഞാനവും അതിർവരമ്പുകൾ ലംഘിക്കുമ്പോഴാണ് കൾട്ടുകൾ രൂപംകൊള്ളുന്നത്. അതിഭക്തിയും പുതുവെളിപ്പാടും ദർശനങ്ങളും വെളിപ്പാടുകളും വെളിവുകേടുകളും ഇവയുടെ പ്രത്യേകതകളാണ്. ദൈവത്തോടോ, വചനത്തോടോ, ആത്മാക്കളോടോ നിഗൂഢബന്ധവും, ആശയവിനിമയവും ഉണ്ടെന്ന് ചില കൾട്ട് നേതാക്കൾ അവകാശപ്പെടുന്നു. പുതിയ വെളിപ്പാടുകൾ പലപ്പോഴും വെളിപ്പെടുത്തപ്പെട്ട ദൈവവചനമാകുന്ന ബൈബിളിന്റെ ഉപദേശങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കും.

ഉപദേശത്തിലെ പുതുമയും ഭക്തിയുടെ പ്രകടനങ്ങളും അസാധരണമായ അവകാശവാദങ്ങളും സാധാരണക്കാരെ ആകർഷിക്കും. ഉത്തരം കിട്ടാത്ത ജീവിതപ്രശ്നങ്ങൾക്കുള്ള പരിഹാരം തേടി അലയുന്ന സാധാരണക്കർ ചിലപ്പോൾ വിശ്വാസികളും ഈ ഉപദേശങ്ങളുടെയും യുക്തിയുടെയും ആകർഷണവലയത്തിൽ അകപ്പെടും. ആത്മീക തീഷ്ണതയുടെ വികലമായ കാഴ്ചപ്പാടുകൾ മനസ്സിൽ ചലനങ്ങളുണ്ടാക്കും. കൾട്ടുകളിൽ എപ്പോഴും അമാനുഷികത അവകാശപ്പെടുന്ന ഒരു വ്യക്തി ഉണ്ടാകും. ആദ്യം ഗുണകരമായി തോന്നുന്ന ഈ വ്യക്തി സ്വാധീനം പിന്നീട് ഭക്തനെ ആരാധന മനോഭാവത്തിലേക്കാണ് മയിക്കുന്നത്. അങ്ങനെ ആ വ്യക്തി ദൈവപുരുഷനോ, ദൈവത്തിന്റെ അവകാശമോ ആയി കണക്കാക്കപ്പെടുന്നു. ഉപദേശത്തിന്റെ അപ്രമാദിത്വവും കൃത്യതയും വ്യാജഭാവത്തിൽ സടകുടഞ്ഞെഴുന്നേല്ക്കുകയും ആളുകൾ വലയിൽ വീഴുകയും ചെയ്യും. നോക്കുക, കാതറിൻ കുൾമാൻ, മൂൺബെന്നിഹിൻ, ഇവരൊക്കെ അങ്ങനെയുള്ളവരിൽ ചുരുക്കം ചില വ്യക്തികളാണ്.

ദുരുപദേഷ്ടാക്കന്മാരെപ്പറ്റി നാം ചിന്തിക്കുമ്പോൾ 2 കൊരിന്ത്യർ 11 : 13-ൽ കള്ള അപ്പോസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവർ, എന്നിത്യാദി സംബോധന ചെയ്തിരിക്കുന്നു കാരണം സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നവനാണല്ലോ. അന്ത്യകാലത്ത് കലക്കത്തിന്റെയും ആത്മാവ് അധികം വ്യാപരിക്കുകയും ചെയ്യും എന്ന് പരിശുദ്ധാത്മാവ് നമുക്കു ഉപദേശം നൽക്കുന്നു. ഇതിന്റെ ഫലമായി ബലഹീന വിശ്വാസികൾ വിശ്വാസത്തിൽ നിന്നും ഒഴുകിപോകുകയും കാലക്രമേണ വിശ്വാസജീവിതത്തിൽ നി

10

നോവൽ 6

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

തീ വലിയോരു പൊട്ടലോടെ കത്തിപ്പടരുന്നു. പനയോലകൾ കരിഞ്ഞമരുന്നു. ഓടിക്കിതച്ചെത്തിയപ്പോഴേക്കും ആൽബർട്ടിന്റെ മുൻപിലായി മുളകൊണ്ടുള്ള മേൽക്കൂരയിലെ കമ്പുകൾ തീപിടിച്ച് കട്ടുകളഴിഞ്ഞ് താഴേക്ക് ഊർന്നു വീണു തുടങ്ങിയിരുന്നു.

ആലയത്തിന് മുൻപിലായി അയാൾ തരിച്ചു നിന്നു.

അടുത്തുള്ള കുടമ്പുകളിൽ നിന്ന് ആളുകൾ ഉണരുന്നതിന്റെ ശബ്ദം.

വിളക്കുകൾ തെളിയുന്നു.

ചരിവിനു മുകളിലായി, ആൽബർട്ടിനു വേണ്ടി, ചെറുമനും പിന്നെ ഡേവിഡ് കൊണ്ടു വന്ന ആശാരിയും ചേർന്നു നിർമ്മിച്ച കുടിലിലായിരുന്നു ആദ്യമൊക്കെ കൂട്ടം നടന്നിരുന്നത്. എന്നാൽ ദൈവസ്നേഹത്താൽ നീലമുടി ആകർഷിക്കപ്പെട്ടു തുടങ്ങിയതോടെ നിരവധി പേർ കടന്നു വരാൻ തുടങ്ങി. അപ്പോഴാണ് മാതേവനും ചോമനും മറ്റും ഒരു വലിയ ദൈവപ്പിരയുണ്ടാക്കുന്നതിനെ പറ്റി പറഞ്ഞത്. ഏതെങ്കിലും വലിയ മരച്ചുവട്ടിൽ ലളിതമായ കൊത്തുപണികളുള്ള കല്ലുകൾ ഭദ്രകാളിയേയോ കുട്ടിച്ചാത്തനേയോ മലകാരി ദൈവത്തേയോ പ്രതിനിധീകരിച്ച് കൂട്ടിവെയ്ക്കുകയായിരുന്നു നീലമുടിയിലെ പതിവ്. ഭദ്രകാളിയേയാണ് ഭയാദരവോടെ മലമുത്തി എന്നവർ വിളിച്ചിരുന്നത്. മാത്രമല്ല നീലമുടിയിലെ ദൈവങ്ങൾക്ക് കൃത്യമായ വിഗ്രഹങ്ങളോ ക്ഷേത്രങ്ങളോ ഉണ്ടായിരുന്നില്ല. എങ്കിലും മലദൈവങ്ങളെ ഭയന്നു തന്നെയാണ് നീലമുടിക്കാർ അവിടെ വസിച്ചിരുന്നത്.

കണിയാൻമാർ മൂപ്പന്റെ വസതിയോട് ചേർന്ന് വെയ്ക്കാറുള്ള വെട്ടത്തിപ്പിര അഥവാ കണിയാന്മാരിലെ മുതിർന്നവർ ചർച്ചകൾക്കും മറ്റുമായി സമ്മേളിക്കുന്ന ഇടത്തെ അനുകരിച്ചാണ് മാതേവനും മറ്റും ദൈവപ്പിര നിർമ്മിച്ചത്. മാത്രമല്ല അതീവ ഭക്തിയോടെയാണ് ചോമനും മറ്റും അതിനുള്ളിൽ കയറാറുണ്ടായിരുന്നത്. നീലമുടിയിൽ ആൽബർട്ടിന് ലഭിച്ച വിജയങ്ങളിൽ ഒന്നായിരുന്നു ദൈവപ്പിര.

ആ ഷെഡാണിപ്പോൾ.....!

ആകെ വെമ്പുന്ന മനസ്സോടെ അങ്ങനെ നിൽക്കുമ്പോൾ മാതേവന്റെ പകയും ദേഷ്യവും ഘനീഭവിച്ച ശബ്ദം ആൽബർട്ട് പിന്നേയും കേട്ടു.

ദൈവപ്പിരയുടെ മറുവശത്തേക്ക് ഓടിച്ചെന്നപ്പോൾ അവിടെ മാതേവൻ ആരേയോ വട്ടം ചുറ്റിപ്പിടിച്ചിരിക്കുകയാണ്.

ആൽബർട്ടിനെ കണ്ടതോടെ മാതേവനിലെ ഒച്ച കൂടി.

കറുത്ത ഒരു രൂപം മാതേവന്റെ കൈകളിൽ കിടന്നു പിടയ്ക്കുന്നു. കുതറി രക്ഷപെടാൻ ആ രൂപം പരമാവധി ശ്രമിക്കുന്നു.

ചോമനും മറ്റും പന്തങ്ങളുമായി വരുന്നു. പെണ്ണുങ്ങളിൽ ഉറക്കമലസിയതിന്റെ രേഖകൾ. അപ്പോഴേക്കും മാതേവൻ ആ കറുത്ത രൂപത്തെ ആൽബർട്ടിന്റെ മുൻപിൽ കൊണ്ടു നിർത്തി.

കറമ്പൻ!

ആൽബർട്ടിൽ സംശയയും പാരവശ്യവും വന്നു നിറഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ, എല്ലാം തകർന്നവനെ പോലെ അയാൾ നിന്നു.

ഇവനാ, ദൈവം കുട്ട്യേ, ഞാ കാട്ടി തേനെടുക്കാൻ പോയിട്ട് വരുമ്പോ.....മാതേവനിൽ ദേഷ്യം പാരമ്യത്തിലെത്തിയിരുന്നു. ഓടിക്കൂടിയവർ തീ അണയ്ക്കുവാൻ പാടു പെടുന്നുണ്ടായിരുന്നു. ഷെഡ് അപ്പോഴേക്കും കത്തിയമർന്നിരുന്നു. അതുവരേയും ഷെഡ് കത്തുന്ന വെളിച്ചം അവിടെയുണ്ടായിരുന്നു. സ്വയമറിയാതെ ആൽബർട്ടിൽ ദേഷ്യം നുരഞ്ഞു പൊന്തി. മുഷ്ടി മുറുകി. കറമ്പന്റെ കരണം നോക്കി ഒന്നു വീശാനാണ് ആദ്യം തോന്നിയത്. വേലയും വേലക്കാരും ഫലവും എല്ലാം ദൈവത്തിന്റേതല്ലേ എന്ന ചോദ്യം നിമിഷാർദ്ധത്തിനുള്ളിൽ ആൽബർട്ടിൽ ചിറകടിച്ചപ്പോൾ ആ മുഷ്ടി തനിയെ അയയുകയാണുണ്ടായത്.

എന്തിനാ കറമ്പാ.... ശബ്ദം താഴ്ത്തി ആൽബർട്ട് ചോദിച്ചു, അല്ലെങ്കിൽ തന്നെ അയാളിൽ നിന്ന് ശബ്ദം വരുന്നതേയില്ലായിരുന്നു.

മാതേവന്റെ പിടി അയഞ്ഞ ഒരു നിമിഷം കറമ്പൻ കുതിച്ചു. ആൽബർട്ടിന്റെ നാഭിയിലാണ് അവന്റെ തൊഴി പതിച്ചത്. ആൽബർട്ടിൽ നിലവിളിയുണ്ടായി. വേദനയുടെ കുപ്പിച്ചില്ലുകൾ പാഞ്ഞുകയറുന്നു. പിറകോട്ടയാൾ തെറിച്ചു വീണു. വേദന കടിച്ചമർത്തി തിരിഞ്ഞപ്പോൾ, ആൽബർട്ടിന് വിശ്വസിക്കാനായില്ല; മാതേവനും ചെറുമനും ചോമനും മാറി മാറി കറമ്പനെ തല്ലുന്നു. പെണ്ണുങ്ങൾ ബഹളം വെയ്ക്കുന്നു.

നോ...അലറി കൊണ്ട് ആൽബർട്ട് അവിടേക്ക് ഓടി. മാതേവാ, നിർത്ത് നിർത്താനാ പറഞ്ഞത്. ചെറുമനെ വളരെ പാടുപെട്ടാണ് അയാൾ പിടിച്ചു മാറ്റിയത്. മാതേവൻ കോപത്താൽ മൂർച്ഛരിച്ചു നിൽക്കുന്നു. പന്തങ്ങളുടെ വെളിച്ചത്തിൽ തളർന്നിരിക്കുന്ന കറമ്പനെ ആൽബർട്ട് നോക്കി. ജ്വരം കൂടി വിറഞ്ഞു തുള്ളുന്നതുപോലെ അവൻ ഞരങ്ങുന്നു.

കറമ്പാ, ആര് പറഞ്ഞിട്ടാ നീയിത് ചെയ്തത്..? അടിവയറിലെ വേദന കടിച്ചമർത്തി സാവധാനത്തിലാണ് ആൽബർട്ട് ചോദിച്ചത്. തല ചരിച്ചു കറമ്പൻ ചിരിക്കുന്നു.

ചോരനിറഞ്ഞ ഉമിനീർ അവൻ പരിഹാസത്തോടെ ആൽബർട്ടിനു നേരെ തുപ്പി.

മാതേവനേയും ചോമനേയും പിന്നീട് അടക്കുവാൻ ആൽബർട്ടിന് കഴിഞ്ഞില്ല. പൊതിരെ തല്ലും തൊഴിയും വീഴുമ്പോൾ കുമ്മാശന്റെ പേര് കറമ്പൻ ഉറക്കെ വിളിച്ചു പറയുന്നത് ആൽബർട്ട് കേട്ടു. താൻ അടക്കിയില്ലെങ്കിൽ മാതേവനും മറ്റും കറമ്പനെ കൊന്നുകളയുമെന്ന് ആൽബർട്ടിന് മനസ്സിലായി.

മാതേവൻ...! അക്ഷരാർത്ഥത്തിൽ അലറുകയായിരുന്നു ആൽബർട്ട്.

അവർ തല്ലുന്നത് പെട്ടന്നു നിർത്തി, തിരിഞ്ഞ് ആൽബർട്ടിനെ നോക്കി. അപ്പോഴേക്കും ഷെഡിൽ നിന്നു വന്ന വെളിച്ചം മങ്ങിയിരുന്നു.

വേണ്ട, അവനെ ഒന്നും ചെയ്യരുത്. നമ്മുടെ യേശുവാണ് തിരിച്ചു ചോദിക്കേണ്ടത്.

ദൈവപ്പിര കനലായി കിടക്കുന്നത് മാതേവൻ വേദനയോടെ നോക്കുന്നു.

എല്ലാരും കുടീലും കുടമ്പിലും പോയ്യീൻ....ചെറുമൻ വിളിച്ചു പറയുന്നു.

ആളുകൾ മെല്ലെ പിരിഞ്ഞു തുടങ്ങി. ചില പെണ്ണുങ്ങൾ വിതുമ്പുന്നുണ്ടായിരുന്നു.

ഇടയ്ക്കെപ്പോഴോ കുഞ്ചി കാറിക്കൊണ്ട് വന്നിരുന്നു. അവൾ കറമ്പനെ എഴുന്നേൽപ്പിക്കാൻ തുനിഞ്ഞപ്പോൾ അയാൾ അവളെ തള്ളി മാറ്റുന്നത് ആൽബർട്ട് കാണുന്നുണ്ടായിരുന്നു.

കുഞ്ചി മൂക്കുപിഴിയുന്നു.

നീയ്യ് കുടീ പോ, കറമ്പനങ്ങ് വന്നോളും...ചെറുമൻ ആശ്വസിപ്പിക്കുന്നു.

മൂപ്പന്റേയും കുമ്മാശന്റേയും നാളത്തെ പ്രതികരണം എന്തായിരിക്കും എന്ന വ്യാകുലതയോടെ ആൽബർട്ട് തിരിഞ്ഞു നടന്നു.

കറമ്പന് കുമ്മാശനെ വലിയ കാര്യമാണ്; ബഹുമാനവും. വല്ലപ്പോഴും മോഷണവും മറ്റും നടത്തിയെന്ന് ആരോപിച്ച് കറമ്പനെ മൂപ്പന്റെ മുന്നിൽ കൊണ്ടു വരുമ്പോൾ, കുമ്മാശൻ മലമുത്തി ആവേശിച്ച് നടത്തുന്ന മിക്ക സത്യപരീക്ഷകളിലും കറമ്പൻ നിരപരാധിയാവും. മുനയണ്ണനത് പലപ്പോഴും പറയാറുണ്ട് ഒരിക്കൽ മുനയണ്ണൻ കണ്ടതാണത്ര, മുനയണ്ണന്റെ വീട്ടിൽ നിന്ന് കറമ്പൻ ഒരു ചെമ്പുപാത്രം മോഷ്ടിക്കുന്നത്. മൂപ്പന്റെ മുൻപിൽ പരാതി എത്തിയപ്പോൾ, കുമ്മാശനിലൂടെ മലമുത്തി പറഞ്ഞത് ഒരു കുറ്റവും ചെയ്യാത്ത കറമ്പനെ വെറുതേ കുറ്റവാളിയാക്കരുതെന്നാണ്. അന്ന് തുടങ്ങി മുത്തിയോടു തോന്നിയ സംശയമാണ് മുനയണ്ണനെ യേശുവിന്റെ മുൻപിൽ എത്തിച്ചത്.

ഒരു പക്ഷേ, കുമ്മാശൻ പറഞ്ഞേക്കും, കറമ്പനിലൂടെ കാടിന് വലിയോരു നന്മയാണ് മുത്തി ചെയ്തിരിക്കുന്നതെന്ന്. എങ്കിലും യേശുനാഥന്റെ ഹിതം ഈ ദേശത്ത് വെളിപ്പെടുക തന്നെ ചെയ്യും.

ദൈവം കുട്ട്യേ..നമ്മളിനി....?

മതേവന്റെ ശബ്ദം നേർത്തു വരുന്നു. കരയുകയാണെന്ന് തോന്നുന്നു. ആൽബർട്ട് തിരിഞ്ഞു നിന്നു. ഓടാൻ തുടങ്ങുന്ന കറമ്പനെ ചോമൻ ഒന്നു കൂടെ വിരട്ടുന്നു.

ചോമാ അത് പാടില്ലാ, നമ്മൾ യേശൂന്റെയല്ലേ; യേശു ആരേലും ഉപദ്രവിച്ചോ..?

കറമ്പനെ തല്ലാൻ പാടില്ലായിരുന്നോ..? ചോമന്റെ കണ്ണുകൾ കുറുകുന്നു.

കെടാറായ പന്തം ആഞ്ഞു വീശി അയാൾ മുന്നിൽ കയറി നടന്നു. പിന്നാലെ ആൽബർട്ടും മാതേവനും.

അതെ, തല്ലാൻ പാടില്ലായിരുന്നു, ഞാനെത്ര തവണ പറഞ്ഞു...

പെട്ടന്ന് പിറകിലൊരു വിതുമ്പൽ.

ആൽബർട്ട് തിരിഞ്ഞപ്പോൾ മാതേവൻ വിങ്ങിപ്പൊട്ടുന്നതാണ് കണ്ടത്. അയാൾ നിന്ന്, മാതേവന്റെ മുഖം മെല്ലെ ഉയർത്തി.

എന്താ മാതേവാ..?

മാതേവൻ പൊട്ടിക്കരച്ചിലോടെ ആൽബർട്ടിനെ

04

ചോദ്യോത്തര വേദി

# മാന്യമായ വസ്ത്രധാരണത്തിന് നിയമം വേണമോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** സ്ത്രീകൾക്ക് മാന്യമായ വസ്ത്രധാരണത്തിന് നിയമം വേണമെന്നുള്ള താങ്കളുടെ അഭിപ്രായം, **മാതൃഭൂമി** ദിനപത്രത്തിൽ വായിച്ചു. ആ കുറിപ്പ് ഏതെങ്കിലും ക്രിസ്തീയ പത്രത്തിൽകൂടി പുനഃപ്രസിദ്ധീകരിക്കുക. ഇന്നത്തെ കേന്ദ്രനിയമപ്രകാരം സ്ത്രീയെ സൂക്ഷിച്ച് നോക്കിയാൽ പോലും പുരുഷന്മാർ ജയിൽശിക്ഷയ്ക്ക് അർഹനാകും. ലൈംഗീക അതിക്രമങ്ങൾ മുഴുവൻ പുരുഷന്റെമേൽ ആരോപിക്കുമ്പോൾത്തന്നെ ചില സ്ത്രീകൾ തങ്ങളുടെ ശരീരഭാഗങ്ങൾ മുഴുവനും കാണിക്കുന്ന വസ്ത്രങ്ങൾ ധരിക്കുന്നു, മദ്ധ്യവയസ്ക്കരായ വീട്ടമ്മമാർ ഭർത്താവിനെയും കുട്ടികളെയും ഉപേക്ഷിച്ച് ചെറുപ്പക്കാരായ അന്യസംസ്ഥാന തൊഴിലാളികളുടെ കൂടെയും, ബാലികമാർ വൃദ്ധരായ ഇന്റർനെറ്റ് കാമുകൻമാരുടെ കൂടെയും ഒളിച്ചോടുന്നു. ഇതിന്റെ കാരണം വിശദീകരിക്കുക.

നിഖിൽ ജോസ്, ദേവസ്വം ബോർഡ് കോളജ്, തലയോലപറമ്പ്

**ഉത്തരം:** പുരുഷന്മാരെ ആക്ഷേപിച്ചുകൊണ്ടുള്ള ഒരു കുറിപ്പ് മാതൃഭൂമി ദിനപത്രത്തിൽ കണ്ടപ്പോൾ ഞാൻ പ്രതികരിച്ചതാണ്. മാതൃഭൂമി ദിനപത്രത്തിൽ വന്ന എന്റെ പ്രതികരണം താഴെ കൊടുക്കുന്നു.

"**ശ്രീദേവി കെ. എസ്.** പട്ടാമ്പി എഴുതി, മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ച പുരുഷന്മാരെ നിങ്ങൾക്കെന്തുപറ്റി എന്ന ആക്ഷേപത്തിന്മേലുള്ള പ്രതികരണമാണ് ഈ കത്ത്. ബലാത്സംഗം ഉൾപ്പെടെയുള്ള നിയമാനുസൃതമല്ലാത്ത സ്ത്രീ-പുരുഷബന്ധങ്ങൾക്ക് രണ്ടു കൂട്ടരുടേയും പങ്കാളിത്തമുണ്ട്. സ്ത്രീകൾക്ക് ചിലപ്പോൾ കുറഞ്ഞ പങ്കാളിത്തമേ കാണുകയുള്ളൂ. ഡൽഹിയിൽ കൂട്ടബലാത്സംഗത്തിന് ഇരയായ പെൺകുട്ടിയുടെ ഭാഗത്തുണ്ടായ തെറ്റ് സെക്കന്റ്ഷോ കഴിഞ്ഞ് രാത്രി ഒരു മണിക്ക് അപകടം പിടിച്ച ഡൽഹിയിലെ തെരുവീഥിയിൽകൂടി നടന്ന് ബസിൽ കയറാൻ ശ്രമിച്ചു എന്നുള്ളതാണ്. ശ്രീദേവി ചിന്തിച്ചിരിക്കുന്നത് സ്ത്രീകളുടെ മികച്ച മാനസികാരോഗ്യം കൊണ്ടാണ് അല്പവസ്ത്രധാരികളായ പുരുഷന്മാരെകണ്ടാൽ സ്ത്രീകൾക്ക് പാരവശ്യം ഒന്നും തോന്നാത്തത് എന്നാണ്. സ്ത്രീപുരുഷശരീരശാസ്ത്രപ്രകാരം സ്ത്രീകൾക്ക് കാഴ്ചയിലൂടെ ലൈംഗീകവികാരം ഉണർത്തപ്പെടാറില്ല. സ്പർശനത്തിലൂടെയാണ് സ്ത്രീകൾക്ക് ലൈംഗീക ഉത്തേജനം ഉണ്ടാകുന്നത്. എന്നാൽ പുരുഷന്മാർക്ക് കാഴ്ചയിലൂടെയാണ് ലൈംഗീകവികാരം ഉണർത്തപ്പെടുന്നത്. ബനിയനും നിക്കറുമിട്ട പെൺകുട്ടികളുടെ ബാസ്ക്കറ്റ്ബോൾ കളി കാണാൻ കാണികളായ പുരുഷന്മാർ കൂടുതലായി എത്തുന്നത് അതുകൊണ്ടാണ്. ലൈംഗീകാതിക്രമം ഒരു പരിധിവരെ തടയാൻ സത്രീകൾ മാന്യമായ വസ്ത്രം ധരിക്കണമെന്നുള്ള നിയമം ഗവൺമെന്റ് ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം".

മുമ്പും പിമ്പും നോക്കാതെ സ്ത്രീകൾ ഒളിച്ചോടുന്നതിന്റെ കാരണം.

സ്ത്രീകളുടെ മാനസികസന്തോഷവും പുരുഷന്റെ മാനസികസന്തോഷവും തമ്മിൽ അല്പം വ്യത്യാസമുണ്ട്. പുരുഷൻ തന്നെ മറ്റുള്ളവർ ബഹുമാനിക്കുന്നതിലൂടെ സംതൃപ്തി കണ്ടെത്തുമ്പോൾ, സ്ത്രീകൾ തങ്ങളെ മറ്റുള്ളവർ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നതിലൂടെയാണ് സംതൃപ്തി നേടുക. മാതാപിതാക്കളോടും മറ്റുള്ള സ്വന്തക്കാരോടും തുറന്നു സംസാരിക്കാൻ സാധിക്കാതെയിരിക്കുന്ന ഒരു ബാലികയോട് സ്നേഹവും കരുതലും ആരെങ്കിലും കാണിച്ചാൽ ഈ കുട്ടി വളരെയെളുപ്പത്തിൽ സ്നേഹം കാണിച്ചവരോട് അടുക്കും. ഭർത്താവിന്റെയും മക്കളുടെയും സ്നേഹവും കരുതലും അനുഭവിക്കാൻ കഴിയാതെയിരിക്കുന്ന ഒരു മലയാളി വീട്ടമ്മയോട് ഭാഷപോലും വശമില്ലാത്ത ഒരു അന്യസംസ്ഥാനതൊഴിലാളി സ്നേഹവും കരുതലും പ്രദർശിപ്പിച്ചാൽ അയാൾക്ക് വിധേയമായി വീട്ടമ്മ പ്രവർത്തിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. അതാണ് നമ്മൾ പത്രത്തിൽ വായിക്കുന്നത്.

സാധാരണയായി ആണും പെണ്ണും പരസ്പരം ആകർഷിക്കപ്പെടത്തക്കവിധമാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്. അതിനുവേണ്ടി അവരിലുള്ള ഹോർമോണുകൾ പ്രവർത്തിക്കുന്നു. ശാരീരികതലത്തിലുള്ള ആകർഷണത്തിന് **കാമം** എന്നു പറയുന്നു. ആകർഷണം മാനസികതലത്തിലേക്ക് കടക്കുമ്പോൾ അത് **പ്രേമമായി.** ആത്മീയതലത്തിലേക്ക് കടക്കുമ്പോൾ അത് **സ്നേഹമായി. ആത്മീയതലത്തിലുണ്ടായ സ്നേഹത്തിന് ലൈംഗീക ആകർഷണമില്ല.**

ശാരീരികബന്ധത്തിൽ തുടങ്ങി, പ്രേമമായി വളർന്നാലും ആത്മീയസ്നേഹമായി ഒരു വിവാഹബന്ധം രൂപാന്തരപ്പെടുന്നില്ലെങ്കിൽ ആ ബന്ധം എപ്പോൾ വേണമെങ്കിലും തകരാം. ആത്മീയ സ്നേഹത്തിലേക്ക് വളരാതെ, സഭയുടേയും സമൂഹത്തിന്റെയും കടമകളുടെയും നിയമങ്ങളുടെയും സമ്മർദ്ദങ്ങൾകൊണ്ട് തകരാതെ വിഷമിച്ച് നിൽക്കുകയാണ് പല വിവാഹബന്ധങ്ങളും. ആത്മീയതലത്തിലുണ്ടായ സ്നേഹവും പിന്നീട് പ്രേമമായും കാമമായും രൂപാന്തരപ്പെടാറുണ്ട് പ്രത്യേകിച്ച് സുവിശേഷവേലക്കാരുടെ ഇടയിൽ.

അടിക്കുറിപ്പ്: 'അമേരിക്ക ഇന്ന്' എന്ന പ്രസിദ്ധീകരണത്തിൽ അവരുടെ കായിക ലേഖകൻ സ്ത്രീകളോട് ഇപ്രകാരമൊരു അഭ്യർത്ഥന നടത്തി: *പുരുഷന്മാരായ ഞങ്ങൾക്ക് നിങ്ങളുടെ സഹായം ആവശ്യമുണ്ട്. നിങ്ങളുടെ ഷർട്ട് ഇത്രയും ചെറുതാക്കുന്നത് എന്തിന്? നിങ്ങളുടെ ജീൻസ് ഇത്രയും ഇറുക്കി തയ്പ്പിക്കുന്നത് എന്തിന്? നിങ്ങളുടെ വസ്ത്രധാരണം ഞങ്ങൾക്ക് പ്രകോപനവും പ്രകമ്പനവും ഉണ്ടാക്കുന്നു. ഞങ്ങളുടെ ശരീരം ആത്മനിയന്ത്രണം കുറഞ്ഞതാണ്. 'സ്ത്രീകളായ നിങ്ങൾ ഓർമ്മിക്കുക. പുരുഷനെ ആകർഷിക്കാൻ നിങ്ങൾ **മാംസം** കാണിച്ചാണ് ശ്രമിക്കുന്നതെങ്കിൽ, നിങ്ങൾക്കു ഒരോ പ്രാവശ്യവും ഒരു **പട്ടിയെയാണ്** കിട്ടാൻ പോകുന്നത്'.*

## 01 നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ്.....

നടത്തുന്നതിനും തീരുമാനം ആയിട്ടുണ്ട്. 1996- ൽ ഒളിമ്പിക്സ് നടന്ന അതെ സ്റ്റേഡിയത്തിൽ ശനിയാഴ്ച യൂത്തിന്റെ സ്പോർട്സ് കോർഡിനേറ്റർ ബ്രദർ. ലെസ്ലി തോമസ്സ് അറിയിച്ചു.

വചന പാണ്ഡിത്യമുള്ള പ്രസംഗകരുടെ നിര ഈ പ്രാവശ്യത്തെ കോൺഫ്രൻസിന്റെ പ്രത്യേകതയാണ്. ഡോ. മൈക്കിൾ ബേക്കർ, ബിഷപ്പ് ഇസ്മായേൽ ചാൾസ്, പാസ്റ്റർ വി. ഓ വർഗീസ്, ബിഷപ്പ് ക്രിസ് മൂഡി, റവ. പി.ജെ. ജെയിംസ് എന്നിവരെ കൂടാതെ അമേരിക്കയിലുള്ള പ്രഗൽഭരായ ദൈവദാസന്മാരും കേരളത്തിൽ നിന്നും വരുന്ന അഭിഷിക്തന്മാരും വചനം സംസാരിക്കും. സഹോദരിമാരുടെ സമ്മേളനത്തിൽ സിസ്റ്റർ ശ്രീലേഖ വചനം ശുശ്രൂഷിക്കും. യുവജനങ്ങൾക്കായി ബിഷപ്പ് ക്രിസ് മൂഡി വചനം ശുശ്രൂഷിക്കും.

ഡോ.മൈക്കിൾ ബേക്കർ നോർത്ത് ജോർജിയ ചർച്ച് ഓഫ് ഗോഡിന്റെ കാര്യനിർവ്വാഹകനാണ്. കഴിഞ്ഞ 25-ൽ പരം വർഷങ്ങളായി ദൈവസഭയുടെ ദേശീയ- അന്തർദേശീയ ഭരണതലത്തിലെ അംഗവുമാണ്. ശുശ്രൂഷാതലത്തിലും, കാര്യനിർവ്വഹണത്തിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം നിരവധി പുസ്തകങ്ങളുടെ രചയിതാവുമാണ്.

ബാച്ച്ലർ ഡിഗ്രിയും മാസ്റ്റേഴ്സും കരസ്ഥമാക്കിയ ഇസ്മായേൽ ചാൾസ് ഡോക്ടറേറ്റിനു പഠിച്ചു കൊണ്ടിരിക്കുന്നു. യൂത്ത് ഡയറക്ടർ, മിഷൻ കോർഡിനേറ്റർ, ഇവാഞ്ചലിസം ഡയറക്ടർ എന്നീ നിലകളിൽ സേവനം അനുഷ്ടിച്ചിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ അംഗം, കൗൺസിൽ അംഗം എന്നി നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. അന്തർദേശീയ തലത്തിൽ ദൈവസഭയ്ക്ക് പല നേട്ടങ്ങളും നേടികൊടുത്ത ഇദ്ദേഹം പ്രസംഗം ജീവിതത്തിൽ കൂടി കാണിച്ചു കൊടുക്കുന്ന വ്യക്തിയാണ്.

## 08 ജേണൽ ഫോക്കസ്.........

**ഖകളോ ഒന്നു ആധുനിക മതേതര സമൂഹത്തെ സ്വാധീനിക്കണമെന്നില്ല.** പ്രത്യുത **ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരായി ജീവിച്ചുകാണിക്കുക എന്നതാണ് അഭികാമ്യം.** അങ്ങനെയുള്ള ജീവിതദൃഷ്ടാന്തം മാത്രമേ മനുഷ്യരെ സ്വാധീനിക്കുകയുള്ളൂ.

'അവർ എല്ലാവരും ഒന്നാകണം" എന്ന് യേശുക്രിസ്തു തന്റെ മധ്യസ്ഥപ്രാർത്ഥനയിൽ താല്പര്യപ്പെട്ടിരുന്നു (യോഹ. 17:11, 21, 23). അധികാരത്തിന്റെ ചെങ്കോൽ അല്ല കഷ്ടതയുടെയും യാതനയുടെയും സഹനത്തിന്റെയും താഴ്വരയാണ് ശുശ്രൂഷയുടെ പ്രതീകം. വ്യഥ, കഷ്ടാനുഭവങ്ങൾ, ആത്മ പരിത്യാഗം, ഏകാന്തത, ഒറ്റപ്പെടൽ, എല്ലാം മഹത്വത്തിലേക്കുള്ള ചവിട്ടുപടികളാണ്. എന്നാൽ ഇന്നു പ്രസ്ഥാനങ്ങളിൽ കാണുന്നത് രാഷ്ട്രീയത്തിൽ കാണുന്ന അതേ പ്രതിഭാസമാണ്. സുഖലോലുപതയ്ക്കും ആഡംബരത്തിനും ആർഭാഡത്തിനും ധനസമ്പാദനത്തിനും അധികാരപ്രവണതയ്ക്കും സഭയെ നേതാക്കൾ ഉപയോഗിക്കുകയാണ്. അതിനു അറുതി വരുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ നാം ശുശ്രൂഷാതലത്തിലേക്ക് ഉയരുകയുള്ളൂ. കുരിശായിരുന്നു യേശുക്രിസ്തുവിന്റെ സിംഹാസനം. അവിടെയാണ് സ്ഥലവും പേരും പദവിയും വെളിപ്പെട്ടത്. നസ്രയനായ യേശു യഹൂദന്മാരുടെ രാജാവ്.

## 07 വസ്ത്രത്തിലെന്തിരിക്കുന്നു....?

ത്ത വസ്ത്രധാരണ രീതിയാണ് ഏറെ പ്രശ്നം സൃഷ്ടിക്കുന്നത്.

സ്ത്രീകളാണ് കൂടുതൽ ആക്ഷേപകരമായ രീതികൾക്കൊണ്ട് ഈ പ്രശ്നങ്ങളെ വിവാദത്തിലേക്ക് വലിച്ചിഴയ്ക്കുന്നത്. വസ്ത്രം ഒരു ആളിന്റെ വ്യക്തിത്വത്തെയും സംസ്കാരത്തെയും വെളിപ്പെടുത്തുന്നു. കേരളത്തിലും ഭാരതത്തിലുമുള്ളവർ ഈ രാജ്യത്തിന്റെ അച്ചടക്ക ബോധ്യങ്ങളനുസരിച്ച് വസ്ത്രം ധരിക്കാതെ വരുമ്പോഴാണ് വിമർശന വിധേയരാകുന്നത്.

അധമ വികാരങ്ങളെ ഉദ്ദീപിപ്പിക്കുന്ന നിലയിൽ വസ്ത്രം ധരിക്കുമ്പോഴാണ് അത് അയോഗ്യമാകുന്നത്. ശരീരവടിവ് തുറന്നുകാട്ടുന്ന വസ്ത്രധാരണ രീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്. അതേപോലെ അല്പവസ്ത്രസങ്കല്പവും. ഇതെല്ലാം സ്ത്രീയോടു ബന്ധപ്പെട്ടാണ് എന്നു പറയുന്നതിൽ ചില മനശാസ്ത്ര സത്യങ്ങളും ഉണ്ട്.

സ്ത്രീയുടെയും പുരുഷന്റെയും വൈകാരിക നിലയനുസരിച്ച്, പുരുഷന്മാർക്ക് കാഴ്ചയിൽ വൈകാരിക ഉദ്ദീപനം ഉണ്ടാകുന്നു എന്നതാണ് സത്യം. സ്ത്രീകൾക്ക് അങ്ങനെയല്ലതാനും. അതുകൊണ്ടാണ് ഒരു പുരുഷന്റെ നഗ്നമേനി നമ്മുടെ സമൂഹത്തിൽ ഒരു പ്രശ്നമല്ലാത്ത്. ഈ മനശാസ്ത്ര സത്യം കൂടെ ഉറപ്പിക്കുന്നത് സ്ത്രീകൾ തന്നെയായിരിക്കണം യോഗ്യമായ വസ്ത്രധാരണത്തിന് കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നാണ്.

നിർഭാഗ്യവശാൽ സ്ത്രീകൾ മേനി പ്രദർശനത്തിനുതകുന്ന നേർത്ത അല്പവസ്ത്ര സംസ്കാരത്തിലേക്ക് തിരിയുമ്പോൾ പുരുഷ സമൂഹം ഈ സംസ്കാരത്തിനിണങ്ങുന്ന മാന്യമായ വസ്ത്രധാരണമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. സ്ത്രീ സമൂഹം അല്പംകൂടെ കരുതലോടെ ഇക്കാര്യങ്ങളിൽ പെരുമാറേണ്ടത് അത്യാവശ്യമാണ്.

## 03 നോവൽ........

കെട്ടിപ്പിടിച്ചു.

ഏശു ക്ഷമിക്കുമോ, ദൈവം കുട്ട്യേ...?

ആൽബർട്ട് മാതേവന്റെ ചുരുണ്ട മുടിയിലൂടെ വിരലോടിച്ചു.

മാതേവൻ അറിയാതെയല്ലേ, യേശു ക്ഷമിക്കും.

ആ കുമ്മാശന്റെ ചെക്കനെ ഇസ്ക്കൂളി വിട്ടതിലാ അയാക്കിത്ര കലി....ഒരു ചിന്തയിൽ നിന്ന് ഉണർന്നതു പോലെ ചോമൻ പറഞ്ഞു. അപ്പോഴേക്കും കയറ്റം കയറി അവർ ആൽബർട്ടിന്റെ കുടിലിന് മുൻപിൽ എത്തിയിരുന്നു. സ്തോത്രം പറഞ്ഞ് ചോമനും മാതേവനും രണ്ടു വഴിക്ക് പിരിഞ്ഞു. ആൽബർട്ട് കുടിലിന് മുൻ പിലായുള്ള പരന്ന പാറപ്പുറത്ത് ഇരുന്നു.

ആ കുമ്മാശന്റെ ചെക്കനെ ഇസ്ക്കൂളി വിട്ടതിലാ അയാക്കിത്ര കലി....ചോമന്റെ ശബ്ദം വീണ്ടും മനസ്സിൽ മുഴങ്ങുന്നു. കുമ്മാശന്റെ മകൻ, നീലമുടിയിലെ അടുത്ത മന്ത്രവാദിയായി, മൂപ്പനും കൂട്ടത്തിനും മലമുത്തിയിൽ നിന്ന് അരുളപ്പാടുകൾ നൽകേണ്ടവൻ. മലമുത്തിക്ക് ആട്ടിൻ ചോരയും കോഴിച്ചോരയും ഒഴുക്കേണ്ടവൻ; മീരൻ!

രാവ് കഴിയാറായിരിക്കുന്നു. ആ പാറപ്പുറത്തായി ആൽബർട്ട് കിടന്നു. അയാളുടെ ഓർമ്മകളിൽ നിന്ന് മനുഷ്യച്ചോര പുരണ്ട വാളുമായി അട്ടഹസത്തോടെ മീരൻ ഓടി വരുന്നുണ്ടായിരുന്നു! (തുടരും)

# സി. ഡി. പ്രകാശനം



ഐ. പി. സി. അബുദബി ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 4ന് വൈകിട്ട് 6 മണി മുതൽ 8 മണി വരെ, സെന്റ് ആൻഡ്രൂസ് ചർച്ചിൽ വെച്ച് സംഗീത സായാഹ്നം നടത്തപ്പെട്ടു. ഐ. പി. സി. അബുദബി സഭയിലെ ചീഫ് പാസ്റ്റർ ജോൺ വർഗീസ് തന്റെ അനുഭവങ്ങളിൽ നിന്നും എഴുതി സംഗീതം പകർന്ന 'സ്വർഗ്ഗസ്ഥൻ' എന്ന സി. ഡി.യുടെ പ്രകാശനം നടത്തപ്പെട്ടു. ഐ. പി. സി. യു. എ. ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗർസീം പി. ജോൺ സി. ഡി. യുടെ പ്രകാശന കർമ്മം നിർവ്വഹിക്കുകയും മുഖ്യസന്ദേശം നൽകുകയും ചെയ്തു. ബ്രദർ സന്തോഷ് പി. ശാമുവേൽ പ്രോഗ്രാം ലീഡ് ചെയ്തു. ഐ. പി. സി. അബുദാബി ചർച്ച് ക്വയറും ഷിജു, ഷോബിൾ, ജോമോൻ തുടങ്ങിയവരും ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ സാമുവേൽ എം. തോമസ്, ഡോ. ശീതൽ നാഥാൻ, ഇവാ. ഒ. കെ. ഉമ്മൻ, ആപ്കോൺ സെക്രട്ടറി ബ്രദർ വർഗീസ് ജേക്കബ് എന്നിവർ ആശംസകൾ അറിയിച്ചു. ബ്രദർ മാത്യു വർഗീസ് സ്വാഗതവും, ചർച്ച് സെക്രട്ടറി ബ്രദർ സാം സക്കറിയ നന്ദിയും പറഞ്ഞു.

# പുത്തൻപ്രവർത്തന പദ്ധതികളുമായ് 'റീച്ച്' കാനഡായിൽ പ്രവർത്തനം ആരംഭിച്ചു



**ടൊറോന്റോ:** കാനഡയിലും സമീപ പ്രദേശങ്ങളിലും ഉള്ള പെന്തക്കോസ്തു യുവജനങ്ങളുടെ ഐക്യവേദിയായ ' റീച്ച് ' പ്രവർത്തനം ആരംഭിച്ചു. ആതുര സേവനവും സുവിശേഷീകരണവും ലക്ഷ്യമാക്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ യുവജനങ്ങളുടെയും സഭകളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

ഭാരവാഹികളായ എബി. കെ. ബെൻ(പ്രസിഡന്റ്), ബിനു ജേക്കബ്(വൈ. പ്രസിഡന്റ്), ബ്ലസൻ ചെറിയാൻ(സെക്രട്ടറി), ജിജോ ജോൺ( ജോ. സെക്രട്ടറി), ജേക്കബ് മാത്യൂ(ട്രഷറർ), റോജൻ രാജു(പ്രയർ കോ. ഒഡിനേറ്റർ), ശാരോൺ മാത്യൂ(പബ്ളിസിറ്റി കൺവീനർ) എന്നിവർ ചുമതലയേറ്റു.

പ്രവർത്തനോത്ഘാടനവും മ്യൂസിക്കൽ നൈറ്റും ഏപ്രിൽ 5 ന് കേരളാ ക്രിസ്ത്യൻ അസംബ്ളി ടൊറോന്റോയിൽ നടന്നു. വിവിധ സഭാ നേതൃത്വവും വിശ്വാസികളും പങ്കെടുത്ത ഈ മഹാസമ്മേളനത്തിൽ അനുഗ്രഹീതരായ ദൈവദാസൻമാർ ദൈവവചനം ശുശ്രൂഷിച്ചു.

# പി. വൈ. പി. എ. പത്തനംതിട്ട മേഖലാ ഭാരവാഹികൾ



പാ. ബെൻസൻ തോമസ് റാന്നി (പ്രസിഡന്റ്)



പാ. ബിനു കൊന്നപ്പാറ പത്തനംതിട്ട (സെക്രട്ടറി)



ഇവാ. അജു അലക്സ് തിരുവല്ല (ട്രഷറർ)

**പത്തനംതിട്ട** മേഖലാ പി. വൈ. പി. എ. ഭാരവാഹികളായി പാസ്റ്റർ ബെൻസൻ തോമസ് റാന്നി (പ്രസിഡന്റ്) പാസ്റ്റർ ബിജു ചെങ്ങന്നൂർ, ഇവാ. ആശിഷ് ശമുവേൽ റാന്നി (വൈ. പ്രസിഡന്റ്), പാസ്റ്റർ ബിനു കൊന്നപ്പാറ പത്തനംതിട്ട (സെക്രട്ടറി), ഇവാ. ബൈജു ജോർജ്ജ് മാത്യു മല്ലപ്പള്ളി, ജെസ്റ്റിൻ നെടുവേലിൽ കുമ്പനാട് (ജോ. സെക്രട്ടറി), ഇവാ. അജു അലക്സ് തിരുവല്ല (ട്രഷറർ), ഇവാ. അജു തോമസ് വടശ്ശേരിക്കര (പബ്ലി. കൺവീനർ), ജോബിൻ അജയൻ പന്തളം താലന്ത് കൺവീനറായും തെരഞ്ഞെടുത്തു.

പത്തനംതിട്ട വിളവിനാൽ ബഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ കൂടിയ ജനറൽ ബോഡിയിൽ പാസ്റ്റർ സാം പനച്ചയിൽ ഇലക്ഷൻ കമ്മീഷണറായും ഇവാ. രഞ്ചു മാത്യു റിട്ടേണിംഗ് ഓഫീസറായും പ്രവർത്തിച്ചു.

## കൊച്ചുവർത്തമാനം



പാസ്റ്റർ ബിജു ജോയി തുവയൂർ
ഗൾഫ് എഡിറ്റർ
ബിലീവേഴ്സ് ജേണൽ



# "ആശീർവാദം"

**ഈ**യിടെ ഒരു മഹാസമ്മേളനത്തിന് പങ്കെടുക്കുവാൻ വിലയേറിയ അവസരം എനിക്ക് സിദ്ധിച്ചു. ലോകമെമ്പാടുമുള്ള സകല സഭകളേയും പ്രേക്ഷിത പ്രവർത്തനങ്ങളേയും "ഏകോപിപ്പിച്ച്" ഉള്ള ഒരു സംഘടനയുടെ അത്തരം അന്തർദേശീയമായ യോഗത്തിൽ വന്നു പെട്ടത് ഞാനുൾപ്പടെ പത്ത് പന്ത്രണ്ട് പേർ. നമ്മൾ ചെയ്തു വരാറുള്ളതുപോലെ നിശ്ചയിക്കപ്പെട്ട സമയം കഴിഞ്ഞ് യോഗം ആരംഭിച്ചു. നടത്തിപ്പുകാർക്ക് നടപടികൾ എങ്ങനെ തുടങ്ങണമെന്നും അവസാനിപ്പിക്കണമെന്നും യാതൊരുലക്ഷ്യവുമില്ലായെന്നു ബോധ്യമാക്കുന്ന ക്രമീകരണങ്ങൾ...... എന്നാൽ ആദിയോടന്തം ചിലർ ആവശ്യത്തിനും അനാവശ്യത്തിനും ഉയർത്തപ്പെട്ടു എന്നല്ലാതെ മറ്റൊന്നും അവിടെ നടന്നില്ല- ചിലപ്പോഴെങ്കിലും ഉദ്ദേശ ശുദ്ധിയിൽ നിന്നും വ്യതിചലിക്കുന്ന ഇത്തരം "സംരംഭ"ങ്ങൾ നമ്മെ അലോസരപ്പെടുത്താറുണ്ടല്ലോ.... മുകളിൽ സൂചിപ്പിക്കപ്പെട്ട യോഗത്തിന്റെ പിന്നിൽ എല്ലാവരും ഓരോ സംഘടനയിലും, സംഘത്തിലുമൊക്കെയുണ്ട് എന്നാൽ പിന്നെ നമുക്കും"ഒന്ന്" എന്നായിരുന്നുവോ? എന്നു ചിന്തിക്കാവുന്നതായിരുന്നു " പ്രകട'നങ്ങൾ വിലപ്പെട്ട ദൈവീക ദർശനങ്ങളോടു കൂടെ ആരംഭിക്കുന്ന ചില പ്രവർത്തനങ്ങളെങ്കിലും ദൈവീക കാര്യപരിപാടിയിൽ നിന്നും പുറത്താക്കുന്നതിന്റെ ഏറ്റവും പ്രധാന കാരണം- വ്യക്തിതാത്പ്പര്യ മുൻഗണനകൾ തന്നെയാണ് ഏതെങ്കിലും അധികാരമോ സ്ഥാനമോ ഇല്ല എങ്കിൽ ജീവിച്ചിട്ടു തന്നെ കാര്യമില്ലെന്നു കരുതുന്ന ചിലർ കടന്നു കയറി കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ പ്രസ്ഥാനങ്ങളുടെ തന്നെ മൂല്യ ശോഷണ കാരണമാണ്- പ്രായവും പക്വതയും പ്രവർത്തനമികവും തെളിയിച്ചിട്ടുള്ളവർ ഉണ്ടായിരിക്കെ അപക്വമതികളും സ്വാർത്ഥരും രംഗം കയ്യടിക്കുമ്പോൾ കൂട്ടു നിന്ന് ഓശാന പാടുകയല്ല തിരുത്തലുകൾ വരുത്തുകയാണാവശ്യം. ആരുടെയെങ്കിലും ഔദാര്യം കൊണ്ടു ഒരു സ്ഥാനത്ത് എത്തിയാൽ " ഞാനാണ് സാമ്രാജ്യം" എന്നു കരുതുന്നവർ ഓർക്കുക എന്നും ഇതൊന്നും കൂടെക്കാണില്ല....... അധികാരം ചിലരുടെയെങ്കിലും അപചയത്തിന് കാരണമാണ് എന്നത് വാസ്തവം .പറഞ്ഞുവന്ന കാര്യത്തിലേക്ക് വരട്ടെ. ഒടുവിൽ ആശീർവാദം പറയാൻ അദ്ധ്യക്ഷൻ പെട്ട പാട്- ഒരു പൊടാപ്പാട് തന്നെ ആയിരുന്നു- സാധാരണ കേട്ടുവാരാറുള്ള ആശീർവാദ വാക്കുകളെ പ്രത്യേകമായ രീതിയിലും പദങ്ങളിലും ഒക്കെ പറയാനുള്ള തത്രപാടിൽ കൂടിയിരുന്നവർ പരസ്പരം ചോദിച്ചു പോയി " ഇങ്ങനെയുമുണ്ടോ- ഒരു കളി" ഒരു" അത്യന്താധുനിക ആശീർവാദം" കേൾക്കണ്ടതായിരുന്നു.

# ഐ. പി. സി. ഫെലോഷിപ്പ് സംയുക്ത സമ്മേളനം

വാർത്ത അയച്ചത്: ജോയി തുമ്പമൺ



പാ. ഷാജി ഡാനിയേൽ പ്രസിഡന്റ്



റവ. റോയ്മോൻ കോശി സെക്രട്ടറി



കെ. സി. ജേക്കബ് ട്രഷറർ

**ഹൂസ്റ്റൺ:** ഐ. പി. സി. ഫെലോഷിപ്പിന്റെ പ്രഥമ സംയുക്ത സമ്മേളനവും പൊതുയോഗവും മെയ് 3ന് ശനിയാഴ്ച ഐ. പി. സി. ഹെബ്രോൻ ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. മണക്കാല തിയോളജിക്കൽ സെമിനാരിയിലെ റവ. ഡോ. സണ്ണി പാപ്പച്ചൻ മുഖ്യ പ്രഭാഷകനായിരുന്നു. ഐ. പി. സി. ഫെലോഷിപ്പ് ഓഫ് ഹൂസ്റ്റൺ ഈ വർഷത്തിലെ സാരഥികൾ പ്രസിഡന്റ് പാസ്റ്റർ ഷാജി ഡാനിയേൽ, ഐ. പി. സി. ഹെബ്രോൻ സഭയുടെ സീനിയർ പാസ്റ്ററാണ്. സെക്രട്ടറി റവ. റോയ്മോൻ കോശി, ട്രഷറർ കെ. സി. ജേക്കബ്, സോംഗ് കോഡിനേറ്റർ എബി മാത്യു. 400 പരം കുടുംബങ്ങളും, ആറു സഭകളുടെയും ഐക്യകൂട്ടായ്മയാണ് ഐ. പി. സി. ഫെലോഷിപ്പ് ഏകദിനസമ്മേളനങ്ങൾ, വാർഷിക ത്രിദിന കൺവൻഷൻ, സംയുക്ത സഭായോഗം തുടങ്ങിയവ കൂടാതെ ജീവകാരുണ്യ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കല്ലുകടി

# ബോർഡുകാർ അകത്തോ പുറത്തോ

**ച**ർച്ച് ഓഫ് ഗോഡിന് നിയമപ്രകാരം ഒരു ഭരണസമിതിയെ ഉള്ളൂ. അത് സ്റ്റേറ്റ് കൗൺസിലാണ്. വിശ്വാസികൾക്ക് അതിൽ പ്രാതിനിധ്യമില്ല. ഭരണത്തിൽ പ്രാതിനിധ്യം വേണമെന്ന അവരുടെ ആവശ്യത്തിന് ശമനം വരുത്തുവാൻ സ്റ്റേറ്റ് ബോർഡ് എന്ന തട്ടിക്കൂട്ട് പരിപാടി ഏതോ ഒരു ഓവർസിയർ ഉണ്ടാക്കി. ഒരു മുൻ ഓവർസിയരുടെ കാലത്ത് നൂറുകണക്കിന് വിശ്വാസികളെ പല സ്ഥാനങ്ങളിലും പ്രതിഷ്ഠിച്ച് അംഗീകാരം കൊടുത്തിരുന്നു. ഇക്കുറി തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ മുൻഗാമികളെക്കാൾ സഭാസ്നേഹികളും ഉത്സാഹശാലികളുമായിരുന്നു. അവരുടെ സഭാസ്നേഹം മറ്റുള്ളവരെ കോൾമയിർ കൊള്ളിച്ചു. സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ എന്ന നിലയിൽ സഭയെ സ്നേഹിക്കാനും സേവിക്കാനും പരിമിതികൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞ ബോർഡ് അംഗങ്ങൾ തങ്ങൾക്കും കൗൺസിലിൽ പ്രാതിനിധ്യം വേണമെന്ന ആവശ്യവുമായി രംഗത്തിറങ്ങി. കൗൺസിൽ മീറ്റിംഗ് നടക്കുമ്പോൾ ഇടിച്ചുകയറി ആവശ്യം ശക്തമായി ഉന്നയിച്ചു. കൗൺസിലിൽ തങ്ങളെ ഉൾപ്പെടുത്തുന്നില്ലെങ്കിൽ രാജി വെയ്ക്കുകയാണെന്ന് ആവേശഭരിതരായി പ്രഖ്യാപിക്കുകയും ചെയ്തു. കൗൺസിൽ അവരുടെ വാക്ക് അംഗീകരിച്ച് രാജി സ്വീകരിച്ച് ബോർഡ് പിരിച്ചുംവിട്ടു. കൗൺസിലിന്റെ മിനിറ്റ്സിൽ ഇതു രേഖപ്പെടുത്തി ഓവർസിയറും കൗൺസിൽ അംഗങ്ങളും ഒപ്പിടുകയും ചെയ്തു. ബോർഡ് പിരിച്ചുവിട്ടത് ഔദ്യോഗികമാണെന്നും ഇത് വാർത്ത ആക്കിക്കൊള്ളാനും ഓവർസിയർ കൗൺസിൽ അംഗങ്ങളുടെ സാന്നിധ്യത്തിൽ ഒരു പത്രപ്രവർത്തകനോട് അറിയിക്കുകയും ചെയ്തു.

പക്ഷെ ആവേശം കയറി രാജി വെച്ചത് അബദ്ധം ആയി എന്ന് തിരിച്ചറിഞ്ഞ സ്റ്റേറ്റ് ബോർഡുകാർ എങ്ങനെയും തിരികെ കയറുവാനുള്ള ശ്രമത്തിലാണ്. അതിന്റെ ഭാഗമായി ഓവർസിയർ ബോർഡ് തിരിച്ചെടുക്കണമെന്ന് കൗൺസിലിൽ ആവശ്യപ്പെടുകയും ചെയ്തു. ഈ വിഷയം പറഞ്ഞ ദിവസം തന്നെയാണ് ബോർഡ് പിരിച്ചുവിട്ട വിഷയം രേഖപ്പെടുത്തിയ മിനിറ്റ്സിൽ കൗൺസിൽ അംഗങ്ങളും ഓവർസിയറും ഒപ്പിട്ടത് എന്നത് തികച്ചും യാദൃശ്ചികമാകാം. പന്ത് ഇപ്പോൾ ഓവർസിയറുടെ കോർട്ടിലാണ്. ഗോൾ അടിച്ചാൽ കൗൺസിൽ പിണങ്ങും അടിച്ചില്ലെങ്കിൽ ബോർഡുകാരും പിണങ്ങും. ചെകുത്താനും കടലിനും നടുവിലായ സ്ഥിതിയിലാണ് നേതാവ് ഇപ്പോൾ. പലരെയും തിരിച്ചെടുക്കാനുള്ള ആവേശത്തിൽ നിൽക്കുന്ന നേതാവ് എന്തുചെയ്യുന്നുവെന്ന് അറിയാൻ എല്ലാവരും ആകാംക്ഷഭരിതരായി കാത്തുനിൽക്കുകയാണ്.

**അടിക്കുറിപ്പ്:** യാതൊരു അധികാരവും ഇല്ലാത്ത ബോർഡ് എന്നത് മാറ്റി അധികാരവും അംഗീകാരവും ഉള്ളതാക്കി നിയമമുണ്ടാക്കുവാൻ ഉള്ള ആർജ്ജവമാണ് നേതാവ് കാട്ടേണ്ടത്.



# ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

37

## LESSON 37
## Present Continuos

| | |
|---|---|
| ARE | ANDO |
| AMARE | AMANDO |
| ERE | ENDO |
| CREDERE | CREDENDO |
| IRE | ENDO |
| DORMIRE | DORMENDO |

## ഷാർജയിൽ നിന്നും സ്നേഹപൂർവ്വം



വിൽസൺ ജോർജ്ജ്
വടക്കേമുറിയിൽ
(വൈസ് ചെയർമാൻ)

# ഖത്തറിലെ വിമാനത്താവളം

**ലോ**കത്തിലെ വലിയ വിമാനത്താവളങ്ങളിൽ ഒന്നാണ് ദുബായ് ഇന്റർനാഷണൽ എയർപോർട്ട്. നൂറുകണക്കിനു വിമാനങ്ങളും ലക്ഷക്കണക്കിനു ജനങ്ങളും വന്നുപോകുന്ന വിമാനത്താവളം ദുബായിയുടെ അഭിമാനമാണ്. എന്നാൽ ഏഷ്യയിലെ ഏറ്റവും വലിയ വിമാനത്താവളം ദോഹയിൽ പ്രവർത്തനം ആരംഭിച്ചു എന്ന വാർത്തയാണ് ഈ ആഴ്ച പുറത്തുവന്നിരിക്കുന്നത്. ഹമദ് ഇന്റർനാഷണൽ എയർപോർട്ട് 5642 കോടി റിയാൽ മുടക്കി നിർമ്മിച്ചതാണ്. ഒരുവർഷം മൂന്നുകോടി ജനങ്ങളെ കൈകാര്യം ചെയ്യുവാനുള്ള സംവിധാനങ്ങളാണ് ഇവിടെയുള്ളതത്രേ. ദോഹയിൽ നടക്കുവാൻ പോകുന്ന വേൾഡ് കപ്പ് ഫുൾബോളുമായി ബന്ധപ്പെട്ട് ധാരാളം പുരോഗമപ്രവർത്തനങ്ങളാണ് നടക്കുന്നത്. സ്വാഭാവികമായി ഖത്തറിന്റെ റിക്കാർഡ് ദുബായ് തകർക്കും. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കെട്ടിടമായ ബുർജ് ഖലീഫയും ഏറ്റവും വലിയ വ്യാപാരസമുച്ചയമായ ദുബായ് മാളും ഇന്നും യു. എ. ഇയുടെ യശസ്സ് ലോകത്തിനുമുമ്പിൽ ഉയർത്തിക്കാട്ടുന്നു.

കഴിഞ്ഞ ലക്കത്തിൽ സന്ദർശകബാഹുല്യത്തെക്കുറിച്ച് എഴുതിയത് യാഥാർത്ഥ്യമാണെന്ന് അനേകർ എന്നെ വിളിച്ചു സംസാരിച്ചു. ചിലർക്കൊക്കെ അത് അരോചകമായി എന്നും മനസിലായി. ഗൾഫ് ജീവിതം നൽകിയ അനുഭവങ്ങളും കാഴ്ചകളും കുറിക്കുന്നുവെന്നു മാത്രം.

01 ⮌ ബൈബിൾ അമേരിക്കയുടെ.....

പ്പെട്ട പുസ്തകമായി തെരഞ്ഞെടുത്തു. ഇന്നും ഭൂരിഭാഗവും അമേരിക്കക്കാരും പുസ്തകരൂപത്തിലുള്ള ബൈബിളാണ് വായിക്കാൻ താൽപര്യപ്പെടുന്നത് എന്ന് സർവ്വേ സൂചിപ്പിക്കുന്നു.

ഇലക്ട്രോണിക് പതിപ്പുകൾ യുവജനങ്ങൾക്കിടയിൽ പോപ്പുലാറാണെങ്കിലും പുസ്തകരൂപം ആണ് കൂടുതൽ പേരും വായിക്കുന്നത്. അനേകം വർഷങ്ങളായി NIV ബൈബിളാണ് ഏറ്റവും കൂടുതൽ വിതരണം ചെയ്യപ്പെടുന്നത്. എങ്കിലും KJV ബൈബിളാണ് ഇന്നും ജനങ്ങൾ വായിക്കാൻ ഇഷ്ടപ്പെടുന്നത്. 55% പേർ KJV പതിപ്പ് വായിക്കുമ്പോൾ 19% പേ ർ ആണ് NIV വായിക്കുന്നതെന്ന് സർവ്വേ സൂചിപ്പിക്കുന്നു. ബൈബിളിന്റെ പ്രസിദ്ധിയും പ്രസക്തിയും ഇന്നും കുറഞ്ഞിട്ടില്ല എന്ന് ഇതുപോലുള്ള സർവ്വേകൾ നമ്മെ ഓർപ്പിക്കുന്നു.

SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called to all Nations Ministries (USA)]
GREAT OPPORTUNITY FOR NORTH INDIAN MINISTRIES



Rev. K.G. Easo
Founder and Director






| Course Offered | Duration | Qualification |
|---|---|---|
| 1. Certificate in Theology (C.Th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 year | 10th class |
| 3. Bachelor of Theology (B.Th) | 3 Year | Plus Two Pass |

Medium Instruction Local Language + English

OUR FEATURES
- High qualified, experienced and committed faculty
- Growing library
- Spacious and neat dormitory
- Calm and quit campus with spiritual atmosphere
- Daily Spiritual activities
- Free accommodation, Food and study materials
- Weekend outreach ministries to the nearby cities.




For more information and application write to:
The Registrar, SWI Bethel Bible College,
Surana Nagar, Barwaha, MP, Pin: 451115
Ph: 07280-222592, 09981571723, 09926702063




റവ. കെ.ജി. ഈശോയുടെ ആത്മകഥ
സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ
റവ. കെ.ജി. ഈശോയുടെ സംഭവബഹുലവും
47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷീകരണ അനുഭവങ്ങളും
അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ
ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.
കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക
Ph: 07280222592,09981571723,09497010138, 9893478488
Email ID : kg.easo@gmail.com

WANTED TEACHERS
Invite application from qualified Teachers for Grace Higher Secondary School, Barwaha
9893478488

ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരി
വെച്ചൂച്ചിറ
അനുഗ്രഹീതമായ 14–ാം വർഷം
ക്ലാസ്സുകൾ ഉടൻ ആരംഭിക്കുന്നു
ഐ.പി.സി. ജനറൽ കൗൺസിൽ അംഗീകൃതം
സഭാ ശുശ്രൂഷയ്ക്കും പ്രേഷിത പ്രവർത്തനത്തിനും മികച്ച പരിശീലനം
B.Th. തിയോളജിക്കൽ ബിരുദവും യൂണിവേഴ്സിറ്റി അംഗീകാരമുള്ള B.A. ബിരുദവും
ഒരുമിച്ച് കരസ്ഥമാക്കാവുന്ന പാഠ്യപദ്ധതി (English)

| കോഴ്സുകൾ | മാധ്യമം | കാലാവധി | യോഗ്യത |
|---|---|---|---|
| B.Th | ഇംഗ്ലീഷ് | 3 വർഷം | S.S.L.C. Passed |
| G.Th | മലയാളം | 2 വർഷം | S.S.L.C |
| C.Th | മലയാളം | 1 വർഷം | |

പ്രത്യേകതകൾ
✷ 3 വർഷം കൊണ്ട് B.Th. ഉം B.A. ഉം കരസ്ഥമാക്കാം ✷ ഹിന്ദി, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ വിജ്ഞാനം നൽകുന്നു ✷ പ്രത്യേകം ക്ഷണിക്കുന്ന അദ്ധ്യാപകരുടെ സെമിനാറുകൾ ✷ അനുഭവസമ്പന്നരും പ്രഗത്ഭരുമായ അദ്ധ്യാപകർ ✷ വിശാലമായ കാമ്പസ്സ് ✷ താമസം, ഭക്ഷണം എന്നിവ സൗജന്യം ✷ തികഞ്ഞ പ്രാർത്ഥനാന്തരീക്ഷം ✷ മികച്ച ലൈബ്രറി സൗകര്യം ✷ പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം ✷ ഹിന്ദി ഇംഗ്ലീഷ് ഭാഷകളിൽ പരിശീലനം



Pr. V.P. Jose
Director
അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക
Principal
D.B.S., P.B. No: 2, Vechoochira, PTA - 686 511
Phone: 9747284743, 9961331564

## ഡോ.കോര സംസാരിക്കുന്നു



1. ഐ. പി. സി. ചിറയിൻകീഴിൽ സെന്ററിലെ വസ്തുവകകൾ അനധികൃതമായി വിൽക്കുന്നു എന്ന് ഇടയലേഖനത്തിലെ വാർത്ത കോര കണ്ടോ?

**– എബി, കുമ്പനാട്**

*കർത്താവിനെ മൊത്തമായി വിൽക്കുന്നവരുടെയിടയിൽ ചിറയിൻകീഴിലെ കക്ഷി ഇത്രയൊക്കെ അല്ലേ ചെയ്തുള്ളൂ.*

2. രാജി വെച്ച സോദരീസമാജം പ്രവർത്തകർ രാജി പിൻവലിച്ച് കസേര വീണ്ടെടുത്തത് കോര അറിഞ്ഞില്ലേ?

**– മോനച്ചൻ, കുമ്പനാട്**

*കസേരയുടെ തണലില്ലാതെ ഉറങ്ങാൻ പറ്റാത്ത പാവം സഹോദരിമാർ. അബലകൾ, ബലഹീനപാത്രങ്ങൾ ഇവർ ഇതല്ലാതെ എന്തു ചെയ്യാൻ.*

3. മാധ്യമവിലക്ക് പേടിച്ച് പത്രാധിപർ രാജി വെച്ചത് കോര അറിഞ്ഞോ?

**– ഫിന്നി, അടൂർ**

*മറ്റുള്ളവരെ ചാരി അഭിപ്രായം പറയുവാൻ ആളുകൾ ധാരാളം ഉണ്ട്. നിവരെ നിന്ന് ധൈര്യത്തോടെ കാര്യം പറയുവാൻ വേണ്ട സാധനം പത്രാധിപർക്ക് ഇല്ലാതെ പോയിക്കാണും.*

4) ബ്ലാക്ക് ഫ്രൈഡേ ആഘോഷിച്ചവരെല്ലാം ഇപ്പോൾ എവിടെയാ കോരേ

**– സുബിൻ കുമ്പനാട്**

*അവരുടെ കലണ്ടറിൽ നിന്ന് ഫ്രൈഡേ ഒഴിവാക്കിയിട്ട് എതിർത്തവരുടെ തോളിൽ കൈയ്യിട്ട് അവരുടെ കാറിൽ കയറി അവർ കൊടുക്കുന്നതും ശാപ്പിട്ട് ഏമ്പക്കവും വിട്ട് നടക്കുന്നത് സുബിൻ കണ്ടില്ലേ. പാവം അനുയായികൾ.*

## അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

## വീണ്ടും കൊടുങ്കാറ്റ്

അമേരിക്കയുടെ തെക്കൻമേഖലയിൽ ആഞ്ഞടിച്ച കൊടുങ്കാറ്റ് ഏഴുകോടിയോളം ജനങ്ങളെ ബാധിച്ചെന്നാണ് റിപ്പോർട്ട്. അമേരിക്കയുടെ തെക്കൻമേഖലയിൽ ഉൾപ്പെട്ട അർക്കൻസോ, മിസിസിപ്പി, അയോവാ, ഒക്കലഹോമ തുടങ്ങിയ സംസ്ഥാനങ്ങളെ ഇത് കൂടുതലായും ബാധിച്ചു. ടെന്നസ്സി സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിലും കൊടുങ്കാറ്റ് അടിച്ചു. 35 ഓളം ആളുകൾ മരണമടഞ്ഞതായാണ് റിപ്പോർട്ട്. 200 ൽ അധികം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. 322 കി. മീ. വേഗതയിൽ വീശിയ കൊടുങ്കാറ്റ് EF 4 സ്കെയിൽപെട്ടതാണ്. കഴിഞ്ഞ വർഷം ഇതിലും വേഗമേറിയ കൊടുങ്കാറ്റ് വീശിയിരുന്നു. ശക്തമായ മഴയാണ് ലഭിച്ചത്. ഇത്രയും രൂക്ഷമായ കൊടുങ്കാറ്റ് ഉണ്ടായിട്ടും മരണസംഖ്യ കുറഞ്ഞുനിൽക്കുന്നതും അപകടമേൽക്കുന്നവരുടെ സംഖ്യ കുറയുന്നതിനും കാരണം ഗവൺമെന്റിന്റെ സുരക്ഷാവിഭാഗത്തിന്റെ മുൻകരുതലാണ്. ഭരണകൂടവും ജനങ്ങളും ഒറ്റക്കെട്ടായി ഇത്തരം സാഹചര്യങ്ങളിൽ ദുരന്തനിവാരണത്തിനായി രംഗത്തെത്തുന്നത് ശ്രദ്ധേയമാണ്.

# ചർച്ച് ഓഫ് ഗോഡ് നോർത്ത് ഈസ്റ്റേൺ റീജിയൺ 24–ാമത് വാർഷിക കൺവൻഷൻ മെയ് 23 ന്



റവ. ബഞ്ചമിൻ. പി. തോമസ്



പാസ്റ്റർ താക്കലാനി ഐസക്ക്



പാസ്റ്റർ ഒമർ ജോർജ്

**ന്യൂയോർക്ക്:** ചർച്ച് ഓഫ് ഗോഡ് നോർത്ത് ഈസ്റ്റേൺ കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. 2014 മെയ് 23 ന് വൈകിട്ടു ആരംഭിക്കുന്ന കൺവൻഷൻ പ്രസിഡന്റ് റവ. ബഞ്ചമിൻ. പി. തോമസ് ഉദ്ഘാടനം ചെയ്യും.

മെയ് 23 മുതൽ 25 വരെ യോങ്കേഴ്സ് (Saunders Trates of Technical High School, 183 Palmer Road, NY 10701) വച്ച് നടക്കുന്ന ഈ കൺവൻഷനിൽ പാസ്റ്റർ താക്കലാനി ഐസക്ക് (സൗത്ത് ആഫ്രിക്ക), പാസ്റ്റർ ഒമർ ജോർജ് (ന്യൂയോർക്ക്) തുടങ്ങിയവർ ദൈവവചനം പ്രസംഗിക്കുന്നു.റീജിയൺ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. ശനിയാഴ്ച യൂത്ത് വിങ്ങിനും, ലേഡീസ് വിങ്ങിനും പ്രത്യേക മീറ്റിംഗുകൾ ഉണ്ടായിരിക്കുന്നതാണ്. ഞായറാഴ്ച്ച കത്തൃമേശയോടും പൊതുയോഗത്തോടുകൂടെ ഈ കൺവൻഷൻ സമാപിക്കും.

റവ. ബഞ്ചമിൻ തോമസ്, റവ. രാജൻ പി. സ്കറിയ, റവ. സ്റ്റാലിൻ ജോർജ്, ബ്രദർ. കോശി. എം. വർഗീസ്, ബ്രദർ. ബിനു. സി. ജോർജ്,

വനിതാ വിഭാഗം– ഗ്രേസ് ജോർജ്, സൂസമ്മ വർഗീസ്, ഷൈനി ചാർലി, ഏലീയാമ്മ തോമസ്.

## തെരഞ്ഞെടുത്തു

**പത്തനംതിട്ട:** ഐ. പി. സി. പത്തനംതിട്ട സെന്റർ ഭാരവാഹികളായി പാസ്റ്റർ വിൽസൺ ജോസഫ് (പ്രസിഡന്റ്), പാസ്റ്റർ പി. പി. മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ രാജു ജോൺ (സെക്രട്ടറി), ബ്രദർ ജോർജ്ജുകുട്ടി തോമസ് (ജോ. സെക്രട്ടറി), ബ്രദർ പി. ജി. ഏബ്രഹാം (ട്രഷറർ) പാസ്റ്റർ ജോർജ്ജ് കെ. ജോയി (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

**പത്തനംതിട്ട:** ഐ. പി. സി. പത്തനംതിട്ട സെന്റർ സോദരീസമാജം ഭാരവാഹികളായി കുഞ്ഞൂഞ്ഞമ്മ മാത്യു (പ്രസിഡന്റ്), ഷൈലജാ മോൻസി (വൈസ് പ്രസിഡന്റ്), പൊന്നമ്മ മാത്യു (സെക്രട്ടറി), സിന്ധു അജി (ജോ. സെക്രട്ടറി), ഷേർളി ജിജി (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## വിധിയും വിചാരണയും

# വസ്ത്രത്തിലെന്തിരിക്കുന്നു....?



**രാജു ആനിക്കാട്**

ഒരു പേരിലെന്തിരിക്കുന്നു എന്ന ചൊല്ലുപോലെ ഒരു വസ്ത്രത്തിലെന്തിരിക്കുന്നു എന്ന് ലാഘവത്തോടെ പറയുന്ന കാലമാണിത്. പക്ഷേ മനുഷ്യന്റെ ആന്തരസംസ്കാരത്തെ പ്രകടമാക്കുന്ന ഏക ബാഹ്യാവരണമെന്ന നിലയിൽ വസ്ത്രം, അവയുടെ ധാരണം എന്നിവ അങ്ങനെ നിസ്സാരവൽക്കരിക്കപ്പെടാൻ പാടില്ല.

ബൈബിൾ നൽകുന്ന അറിവനുസരിച്ച് മനുഷ്യ ചരിത്രത്തോളം തന്നെ പുരാതനത്വമുണ്ട് അവന്റെ വസ്ത്രസങ്കല്പങ്ങൾക്ക്. ദൈവം സൃഷ്ടിച്ച ആദ്യ ദമ്പതികൾക്ക് തേജസിന്റെ വസ്ത്രമായിരുന്നു ഉണ്ടായിരുന്നതെന്നാണ് ബൈബിൾ ഭാഷ്യം പാപത്തിനും വസ്ത്രമില്ലായ്മയ്ക്കും ആദ്യം മുതലേ വളരെ യോജിപ്പാണ് കാണുന്നത്. ലജ്ജയാണ് വീണ്ടു വസ്ത്രധാരണത്തിനു പ്രേരണയാകുന്ന ഏക കാരണവും. പാപം ചെയ്തപ്പോഴാണ് തേജസ്സിന്റെ വസ്ത്രം നഷ്ടമായത്.

ആധുനിക മനുഷ്യർ കൂടുതൽ വിവസ്ത്രരാകുന്നതിന്റെ സൂചനകളാണ് കാണുന്നത്. പാപത്തോടു ബന്ധപ്പെട്ട ഒരു പരസ്യ പരിണാമമാണിതെന്നതിനു തർക്കമില്ല. ലജ്ജയെന്ന വികാരം ഇല്ലാതായതോടെ വസ്ത്രത്തിലെന്തിരിക്കുന്നു എന്ന ചിന്തയിലേക്ക് അധഃപതിക്കുകയാണ്.

ബൈബിൾ പറയുന്നത് ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു എന്നാണ്. അപ്പോൾ പിന്നെ അല്പവസ്ത്രം മാന്യമാണെന്നു കരുതുന്നതിനെ എന്തു പറയാനാകും.

ഇന്നത്തെ മനുഷ്യൻ അല്പവസ്ത്രത്തിൽ ഒരുതരം ആത്മരതി അനുഭവിക്കുന്നു എന്നതാണ് മനശാസ്ത്ര വിലയിരുത്തൽ. അത്യാവശ്യം ഭാഗങ്ങളിലേക്ക് മാത്രമുള്ള ഈ അല്പവസ്ത്രധാരണം പാപം ചെയ്ത, പാപം ചെയ്യുന്ന മനുഷ്യരുടെ ചെയ്തിയാണെന്നതിനു തർക്കം വേണ്ട. ആദം, ഹൗവ്വ ദമ്പതികൾ പാപം ചെയ്തു കഴിഞ്ഞപ്പോൾ ഉണ്ടാക്കിയത് ഒരു അരയാടയായിരുന്നു (ഉല്പ. 3:7). ഇന്ന് അരയാട തന്നെ മുഴുവനില്ലാ എന്നതാണ് നമ്മെ അമ്പരപ്പിക്കുന്നത്.

സ്രഷ്ടാവായ ദൈവം മനുഷ്യനെ മുഴുവസ്ത്രമണിഞ്ഞു കാണാൻ ആഗ്രഹിക്കുന്നു എന്നതല്ലേ സത്യം. അതുകൊണ്ട് ദൈവം അവന് അരയാടയല്ല, അവർക്ക് തോൽകൊണ്ട് ഉടുപ്പാണ് ഉണ്ടാക്കിക്കൊടുത്തത് (ഉല്പ. 3:21) ദൈവം സൃഷ്ടിച്ചപ്പോഴേ തേജസ് ധരിപ്പിച്ചിരുന്നല്ലോ.

ഇതുകൊണ്ടാകാം ആദ്ധ്യാത്മിക രംഗത്തുള്ളവരും വെള്ള ധരിച്ചു തുടങ്ങിയത്. ഏതായാലും വെണ്മയ്ക്ക് അനാർഭാഢമായ ഒരു ആകർഷകത്വമാണുള്ളത്. അതുകൊണ്ട് ആത്മീയ രംഗത്തുള്ളവർക്ക് ഈ നിറമായിരിക്കും ഏറെ അഭികാമ്യം. എന്നാൽ അതിൽ പരിശുദ്ധിയുണ്ടെന്നൊക്കെ ധരിക്കുന്നത് അറിവില്ലായ്മയാണ്. പരിശുദ്ധിയുടെ പ്രതീകമാണെന്നു പറഞ്ഞാൽ തെറ്റില്ല. പക്വെ ഇന്ന് വെള്ള വസ്ത്രവും ഏറെ സെക്സിയാക്കി എങ്ങനെ ഉപയോഗിക്കാം എന്ന പരീക്ഷണത്തിലാണ് നമ്മൾ.

കറുത്ത വസ്ത്രം നമുക്ക് ചെകുത്താന്റെ കുപ്പായമായാണ് അനുഭവപ്പെടുക. എന്നാൽ വെള്ള ഷർട്ടിനൊപ്പം കറുത്ത പാന്റ്സ് നാം വിശുദ്ധമായി വാഴിച്ചിട്ടുണ്ട്. അതേസമയം കറുത്ത മുണ്ടിനൊപ്പം വെള്ള ഷർട്ടോ, വെള്ള മുണ്ടിനൊപ്പം കറുത്ത ഷർട്ടോ നമുക്ക് തീരെ സഹിക്കാനൊക്കില്ല. അല്ലെങ്കിൽ അടിമുടി ചെകുത്താന്യമായിരിക്കണം. കോട്ടിന്റെയും സ്യൂട്ടിന്റെയും കാര്യമാണ് പറഞ്ഞുവരുന്നത്. അതിന്റെ മുമ്പിൽ നമ്മുടെ വിശുദ്ധി സങ്കല്പമെല്ലാം പമ്പകടക്കും. ഇതെല്ലാം നമ്മുടെ ഒരു മനോദൗർബല്യവും മാനസിക രോഗവുമല്ലാതെ മറ്റൊന്നുമല്ലെന്നു പറഞ്ഞ് നിർത്തുന്നു.

മൊത്തത്തിൽ ഇന്ന് വസ്ത്രങ്ങൾ നഗ്നത ആവരണം ചെയ്യാൻ വേണ്ടിയല്ല, പരോക്ഷമായും പ്രത്യക്ഷമായും നഗ്നത കൂടുതൽ അനാവരണം ചെയ്യുന്ന തരത്തിലാണ് അതിന്റെ ഡിസൈനിംഗ്. അതിനാൽ വസ്ത്രങ്ങൾ തെരഞ്ഞെടുക്കുന്നതു തുടങ്ങി കർശനമായ നിഷ്ഠ പാലിക്കേണ്ടതുണ്ട്.

വസ്ത്രം മനുഷ്യന്റെ സംസ്കാരം വെളിപ്പെടുത്തുന്നതാണ്. സാധാരണയായി, ഒരാളുടെ അന്തസ്സും ആഭിജാത്യവും, പദവിയും എല്ലാം ഇതോട് വളരെ ബന്ധപ്പെട്ടു കിടക്കുന്നു. ബൈബിൾ സന്ദേശങ്ങൾ സ്ത്രീയ്ക്കും പുരുഷനും ബാധകമാണങ്കിലും എല്ലാം ഒരുപോലെയാണെന്ന് പറയാനാവുകയില്ല. ബൈബിളിന്റെ ആകമാന ചിന്തകൾ അനുസരിച്ച വസ്ത്രധാരണത്തിൽ കരുതലും തയ്യാറെടുപ്പുകളും കൂടുതൽ ഉണ്ടായിരിക്കേണ്ടത് സ്ത്രീകൾക്കു തന്നെയാണ്.

സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെത്തന്നെ അലങ്കരിക്കേണം എന്നാണ് പറഞ്ഞിരിക്കുന്നത് (1 തിമൊ. 2:9,10). ഇവിടെ യോഗ്യമായ വസ്ത്രം, സുബോധത്തോടെ, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം ഇത്യാദി പ്രയോഗങ്ങൾ ഏറെ ശ്രദ്ധിക്കേണ്ടതാണ്.

യോഗ്യമായത് എന്ന പ്രയോഗം നിർവ്വചിക്കുമ്പോൾ, അതിന് കാല–ദേശ വ്യത്യാസങ്ങൾ ഉണ്ട് എന്നത് അംഗീകരിച്ചേ പറ്റൂ. ഓരോ സംസ്കാരങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ യോഗ്യവും അയോഗ്യവും തരംതിക്കാനാവൂ. ശ്ലീലം അശ്ലീലം, സഭ്യം അസഭ്യം ഇവയ്ക്കെല്ലാം സാംസ്കാരിക വൈജാത്യത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യത്യസ്തതയുണ്ട്.

നമ്മുടെ ശ്രേഷ്ഠമായ പല വസ്ത്രധാരണവും സൗന്ദര്യ സങ്കല്പവും അന്യ സംസ്കാരത്തിൽ നികൃഷ്ടവും ലജ്ജാകരവും ആയതായിരിക്കും. അതുകൊണ്ട് വസ്ത്രധാരണത്തിൽ അങ്ങനെയൊരു പൊതു മാനദണ്ഡം വയ്ക്കാൻ കഴിയില്ല. അതുകൊണ്ട് അതാത് സംസ്കാരത്തിനു യോജിച്ച വസ്ത്രധാരണ രീതി പിൻതുടരുകയാണാവശ്യം. അന്യസംസ്കാരത്തിൽ നിന്നും കടമെടുത്ത നമ്മുടെ കാഴ്ചപ്പാടുകൾക്കും സംസ്കാരത്തിനും ഇണങ്ങാ

04

## ജേണൽ ഫോക്കസ്

# വിശുദ്ധന്മാരുടെ പേരും സ്ഥലവും പദവിയും വെളിപ്പെടുന്ന സിംഹാസനം

കഴിഞ്ഞ ലക്കം തുടർച്ച...



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

കൈ നീളൻ വെള്ളഷർട്ട് ധരിച്ച് വേദപുസ്തകം ബാഗിൽ ചുമന്നു നടന്നാൽ അമാനുഷികരായി എന്നു ചിന്തിക്കരുത്. അങ്ങനെയുള്ള വികലചിന്ത ആരെയെങ്കിലും വീർപ്പുമുട്ടിക്കുന്നുണ്ടെങ്കിൽ അവ വർജിക്കുക. ഇത്തരം ചിന്തകൾ വളരെ ദോഷം ചെയ്യും. പ്രകൃതിയിലെ ഘടനപോലും അസന്തുലിതമാക്കാൻ പ്രാപ്തനായ ഏലിയാപ്രവാചകൻ നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു എന്നു യാക്കോബ് അപ്പോസ്തലൻ നിരീക്ഷിക്കുമ്പോൾ എഴുത്തുകാരന്റെ വീക്ഷണവും കാഴ്ചപ്പാടും നാം മനസ്സിലാക്കേണ്ടതാണ് (യാക്കോ. 5:17, 1 രാജാ 17:1, 13 -17, 18-24, 18: 24-40, 2 രാജാ. 1:8-12, 2:8) ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരരുതെന്നു പൗലോസും താക്കീത് നൽകുന്നുണ്ട് (റോമ. 12:1-8).

അല്പന്മാരായ ചിലരുടെ വികലചിന്ത കാരണം പ്രസ്ഥാനങ്ങൾ ഇന്നു സാക്ഷ്യം നഷ്ടപ്പെട്ട പാതയിലൂടെ സഞ്ചരിക്കുകയാണ്. സഭയുടെ അർത്ഥത്തെപ്പറ്റിയും ഉദ്ദേശ്യത്തെപ്പറ്റിയും ഇന്നു പലർക്കും അറിഞ്ഞുകൂടെന്നു തോന്നുന്നു. സഭയുടെ അർത്ഥം തനതുഭാവത്തിൽ വ്യാഖ്യാനിക്കാൻ ഇന്നാർക്കും സാധിക്കുന്നില്ല. അത്തരത്തിലുള്ള വ്യാഖ്യാനങ്ങളുടെ അഭാവത്തിലാണ് പ്രസ്ഥാനങ്ങൾ അപ്രസക്തമായിതീരുന്നത്. **നമ്മുടെ പ്രസ്ഥാനങ്ങൾക്ക് പ്രസിഡണ്ടന്മാരും സെക്രട്ടറിമാരും ഓവർസിയർമാരും സൂപ്രണ്ടുമാരും ഒക്കെ ഉണ്ടെങ്കിലും സാധാരണ വിശ്വാസികളുടെ ജീവൽ പ്രശ്നങ്ങൾ ഇവരിൽ എത്രപേർക്ക് അറിയാം? അവരവരുടെ പ്രസ്ഥാനത്തിലും പ്രാദേശിക സഭകളിലും വിവാഹപ്രായം കഴിഞ്ഞ, അവിവാഹിതരായ എത്ര സഹോദരിമാർ ഉണ്ടെന്ന് ഇവരിൽ എത്രപേർക്ക് അറിയാം? ദാരിദ്രം ഗ്രസ്സിച്ച വയോവൃദ്ധരുടെ സങ്കടങ്ങളുടെ ആഴം ഇവരിൽ എത്രപേർ മനസ്സിലാക്കിയിട്ടുണ്ട്?** ദശാംശവും സ്തോത്രകാഴ്ചയും മാത്രം പിരിച്ചെടുക്കുന്ന തലത്തിലേക്ക് സഭാശുശ്രൂഷകർ താണുപോകുന്ന നില വന്നു ഭവിച്ചിട്ടില്ലേ? എന്താണ് യഥാർത്ഥ ആത്മീയത? എന്താണ് യഥാർത്ഥ ഇടയപരിപാലനം?

വിശ്വാസികളിൽ നിന്നും അകന്നുവേറിട്ടു നടക്കുന്ന പ്രവണത അദ്ധ്യക്ഷന്മാരിൽ കണ്ടുവരുന്നുണ്ട്. ഞങ്ങളുടെ സങ്കടങ്ങൾ കേൾക്കാൻ പാസ്റ്റർക്കു നേരമില്ല എന്നു വിലപിക്കുന്ന മാതാക്കളെ ലേഖകൻ അഭിമുഖീകരിച്ചിട്ടുണ്ട്. പാസ്റ്റർ സഭാപരിപാലകനാണ്. വിശ്വാസികളുടെ വരുമാനത്തിന്റെ ഒരു ഭാഗം കൊണ്ട് ജീവിക്കുന്ന ദൈവത്തിന്റെ പ്രതിനിധി. കർത്തൃശുശ്രൂഷകരുടെ സന്ധാരണമാർഗ്ഗം ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. സഭയിലെ വരുമാനം കൈപ്പറ്റുന്നവർ അതു മനസ്സിലാക്കി പ്രാർത്ഥിക്കണം. വിശ്വാസികളുമായി അടുത്തിടപഴകാതെ, അവരുടെ ജീവൽ പ്രശ്നങ്ങളിൽ ഭാഗവാക്കാകാതെ സഭായോഗങ്ങളിൽ, പ്രസംഗപീഠത്തിൽ കാട്ടിക്കൂട്ടുന്ന ആക്രോശങ്ങൾക്കു നേരെ കാലം കൊഞ്ഞനം കുത്തുന്നത് പലരും കാണാതെ നടക്കുകയാണ്.

എവിടെയോ തകരാറുണ്ട്. ഒരു പന്തികേട്. കാരണം സഭയെപ്പറ്റിയുള്ള ഭാവനകൾക്കും ചിന്തകൾക്കും അനുരൂപമല്ലാത്ത അർത്ഥവിഷയമാണ് പലരും വച്ചു പുലർത്തുന്നത്. സത്യത്തിൽ സഭയുടെ ഘടന എന്താണ്? ആദിമ സഭയിൽ നിലനിന്നിരുന്ന ഘടനയാണോ ഇന്നു നിലനിൽക്കുന്നത്? അധികാരദാഹവും അതിനുവേണ്ടിയുള്ള നീർത്തോടുകാംക്ഷയും പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ ഭരണചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ട് നാളുകൾ ഏറെയായി. സഭയെ സേവിക്കേണ്ടതിനു പകരം ഭരിക്കാൻ സിംഹാസനങ്ങൾ ഉറപ്പിക്കുന്നതിലെ തത്രപ്പാടിലാണ് മിക്കവരും. അയവില്ലാത്ത, കർക്കശമായ ഘടനയും സമീപനവും ഉടലെടുത്തിരിക്കുന്നു. സഭാസംഘടനയുടെ ആദ്യകാലപവിത്ര വീണ്ടെടുക്കണമെങ്കിൽ "ഏലിയാ പ്രയത്നം" (1 രാജാ. 18:36-37) തന്നെ വേണ്ടിവരും. ലോകത്തെ ഉദ്ധരിക്കാൻ ലോകത്തിൽ ആക്കിവച്ചിരിക്കുന്ന സഭ ലൗകീകതയുടെയും ധനത്തിന്റെയും നീരാളിപ്പിടുത്തത്തിൽ അമർന്നു ഞെരിയുന്ന ദുഃഖചിത്രമാണ് കാണുന്നത്. എക്ലെസിയായ്ക്ക് എന്തു സംഭവിച്ചു എന്നു മനസ്സിലാക്കൽ വേദപുസ്തക പശ്ചാത്തലത്തിലേക്ക് ഫോക്കസ് ചെയ്യുകയാണ്.

പത്രോസ് അപ്പോസ്തലൻ എഴുതുന്നു "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രോസ് 2:9). നോക്കൂ; ജന്മം കൊണ്ടുതന്നെ സഭ ദൈവസമൂഹമാണ്. സഭയുടെ സംരക്ഷണത്തിനു ആത്മീയ നേതാക്കൾ അന്ന് ഉണ്ടായിരുന്നു. അവരുടെ ലക്ഷ്യവും സേവനത്തിന്റെയും കഷ്ടാനുഭവത്തിന്റെയും മാത്രമായിരുന്നു. പൊതുക്ഷേമമായിരുന്നു അവരുടെ ലാക്ക്. സഭയിൽ സ്ഥാനികളെ തെരഞ്ഞെടുത്തതും ആക്കിവച്ചതും ശുശ്രൂഷയ്ക്കുവേണ്ടി മാത്രമായിരുന്നു. **എന്നാൽ ശുശ്രൂഷകർ ആ സത്യം പാടെ മറന്നു. പകരം ഭരണകർത്താക്കളായി രൂപാന്തരപ്പെട്ടു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലം മുതലേ ഈ പ്രവണത കാണാം. നവീകരണ കാലഘട്ടത്തിനുശേഷം അത് കുറെക്കൂടെ അധികരിച്ചു എന്നുമാത്രം. അധികാരഗർവ്വ് സഭയിൽ കയറ്റിപ്പറ്റിയത് റോമൻ മതത്തിൽ നിന്നാണ്.**

നിങ്ങൾ എല്ലാവരും ശുശ്രൂഷകരാണ് എന്ന യേശുവിന്റെ കല്പന നിരാകരിച്ച് ഭരണനേതൃസ്ഥാനങ്ങളിലേക്ക് വിളിക്കപ്പെട്ടവർ തള്ളിക്കയറുകയായിരുന്നു. ആദിമ സഭയിൽ ശിഷ്യന്മാർ അറിയപ്പെട്ടിരുന്നത് വിശുദ്ധന്മാർ, സഹോദരന്മാർ എന്നീ വിശേഷണങ്ങളിലൂടെയാണ്. അപ്പോസ്തലന്മാരുടെ ഉപദേശം, പ്രബോധനം, കൂട്ടായ്മ, അപ്പം നുറുക്കൽ, പ്രാർത്ഥന എന്നിവയിൽ താൽപര്യപൂർവ്വം പങ്കെടുത്തിരുന്ന സഭയ്ക്ക് ഒരേ ഹൃദയവും ഒരേ ആത്മാവും ആയിരുന്നു. ദൈവജനത്തിന്റെ അന്തസിന്റെയും ഐക്യത്തിന്റെയും അടിസ്ഥാനം അവർക്കെല്ലാം ഒരേ കർത്താവും ഒരേ ആത്മാവും ആയിരുന്നു എന്നതാണ് (എഫെ. 4:5). മനുഷ്യശരീരഘടനയോടാണ് സഭാഘടനയെ പൗലോസ് ഉപമിച്ചത് (1കൊരി. 12:27-31) ഓരോ അവയവത്തിനും അതിന്റെ ധർമ്മം നിറവേറ്റേണ്ടതുണ്ട്. ഇവിടെ വലിപ്പച്ചെറുപ്പമോ വിവേചനമോ ഇല്ല. ക്രിസ്തുവിനെ മാതൃകയാക്കി സേവനത്തിന്റെയും ശുശ്രൂഷയുടെയും നേതൃത്വമായിരുന്നു ആദിമസഭയിൽ ഉണ്ടായിരുന്നത്. അവർ ശുശ്രൂഷകാരായ ജനനേതാക്കൾ ആയിരുന്നു. സഭയിലെ ഭൗതീക കാര്യങ്ങൾ തങ്ങളുടെ ശുശ്രൂഷയ്ക്ക് തടസ്സമാകാൻ അവർ ആഗ്രഹിച്ചില്ല (അപ്പൊ. പ്ര. 6:2-4). സഭ ചലനാത്മകമായി വളർന്നുതായാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്.

സദ്വാർത്ത വിളമ്പരം ചെയ്യാനാണ് സഭയെ ലോകത്തിൽ നിയോഗിച്ചത്. ദൈവവചനം വാമൊഴിയായോ വരമൊഴിയായോ പറത്തുവിട്ടതുകൊണ്ടുമാത്രം ഇന്നത്തെ സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളിൽ ഫലപ്രദമാകണമെന്നില്ല. **പ്രസംഗവേളകളോ, സി.ഡി.യോ മുദ്രണം ചെയ്ത ഗ്രന്ഥങ്ങളോ ലഘുലേ**

04

## കഥ

# ഒരു 'റ്റാറ്റാ' യുടെ പേരിൽ....



ആഷേർ കെ മാത്യൂ ,
ഇരവിപേരൂർ,
9847137751

പ്രത്യാശ കൗൺസിലിംഗ് സെന്റർ. ആ ബോർഡിലേക്ക് നോക്കി കണ്ണുംനട്ട് ജയിംസ് പാസ്റ്റർ ഇരുന്നു. ഇടയ്ക്കിടെ അദ്ദേഹത്തിൽ നിന്ന് നെടുവീർപ്പ് ഉയരുന്നുണ്ടായിരുന്നു.

അകത്ത് പ്രശസ്തനായ കൗൺസിലർ ഡോ. വർഗ്ഗീസ് മാത്യു കൗൺസിലിംഗ് നടത്തുകയാണ്. അദ്ദേഹം കൗൺസിലിംഗ് നടത്തുന്നത് തന്റെ മകൾ പ്രിയയെയാണ്.

പ്രിയ....22 വയസ്സ്....ബാംഗ്ലൂരിൽ നേഴ്സിംഗ് വിദ്യാർത്ഥിനി കഴിഞ്ഞ ആഴ്ചയാണ് അവളുടെ കോളജിൽ നിന്നും ഒരു ഫോൺ കോൾ വന്നത്.

'മിസ്റ്റർ ജെയിംസ്. താങ്കൾ എത്രയും വേഗം ഇവിടെയെത്തി താങ്കളുടെ മകളെ കൂട്ടിക്കൊണ്ടു പോകണം. ഷി ഇസ് നോട്ട് വെൽ'.

ജെയിംസ് പാസ്റ്ററിന് ആകെ പരിഭ്രമമായിരുന്നു. എന്താണ് തന്റെ മകൾക്ക് പറ്റിയത്? അതിലുപരി ബാംഗ്ലൂർ വരെ പോകാനുള്ള സമയം തനിക്കില്ലായിരുന്നു എന്നതായിരുന്നു വാസ്തവം. നൂറു കണക്കിന് സഭകളുള്ള ഒരു മിഷൻ ഗ്രൂപ്പിന്റെ ഡയറക്ടർ ആണ് അദ്ദേഹം. കൂടെക്കൂടെയുള്ള വിദേശയാത്രകൾ....അനാഥാലയങ്ങൾ....അതു കൂടാതെ അറിയപ്പെടുന്ന ഒരു പ്രസംഗകൻ.......... ആകപ്പാടെ തിരക്കു പിടിച്ച ജീവിതം.

എങ്കിലും ഫോൺ വന്ന അന്നു തന്നെ ജെയിംസ് പാസ്റ്റർ ബാംഗ്ലൂരിലേക്ക് തിരിച്ചു. പ്രിയയുടെ കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ആൻസിയാണ് ജെയിംസ് പാസ്റ്ററോട് കാര്യങ്ങൾ പറഞ്ഞത്. പ്രിയ മാനസികമായി വലിയ പ്രശ്നത്തിലാണ് ആരോടും മിണ്ടുന്നില്ല, ഭക്ഷണം കഴിക്കുന്നില്ല, പഠിക്കുന്നില്ല.. എ കൈൻഡ് ഓഫ് ഡിപ്രഷൻ....

ഓഹ്.... മൈ ഗോഡ്!! ജെയിംസ് പാസ്റ്ററിന് അത് ഉൾക്കൊള്ളാനായില്ല. തന്റെ മകൾക്ക് ഇങ്ങനെ ഒരു അവസ്ഥ? മുഴുവൻ സമയം കർത്താവിന്റെ വേല ചെയ്യുന്ന എനിക്ക് ഇങ്ങനെ ഒരു അവസ്ഥയോ? ദൈവമേ.... നീതിമാന്റെ സന്തതിയെ അനുഗ്രഹിക്കുന്ന ദൈവമല്ലേ അങ്ങ്....പിന്നെ....എന്തുകൊണ്ട് കർത്താവേ?

ജെയിംസ് പാസ്റ്റർ പ്രിയയെ കൂട്ടി നേരെ എത്തിയത് ഡോ. വർഗ്ഗീസിന്റെ അടുത്തേക്കാണ്. വർഗ്ഗീസ് തന്റെ അടുത്ത സുഹൃത്താണ്. അതു പോലെ തന്നെ ഭക്തനായ ഒരു മനുഷ്യനും. ചെറുപ്പത്തിലെ പല സുവിശേഷപ്രവർത്തനങ്ങളിലും അവർ ഒരുമിച്ച് പങ്കാളികളായിത്തീർന്നിട്ടുണ്ട്. അതുകൊണ്ട് "മകളെ വർഗ്ഗീസിന്റെ അടുത്ത് എത്തിച്ചത്. മാത്രമല്ല, തന്റെ ഈ അവസ്ഥ പുറത്ത് പറയാനും പറ്റില്ലല്ലോ".

നാടുനീളെ പ്രസംഗിച്ചു നടക്കുന്ന എന്റെ മകൾക്ക് ഇങ്ങനെ ഒരു അവസ്ഥ വന്നു എന്നറിഞ്ഞാൽ മറ്റുള്ളവർ എന്ത് കരുതും എന്നതായിരുന്നു ജെയിംസിന്റെ പ്രധാന പ്രശ്നം.

എന്നാലും എന്തായിരിക്കും തന്റെ മകളുടെ പ്രശ്നം? ലവ് ഫെയിലിയർ? ഏഹ്... സാധ്യതയില്ല.... പഠിക്കുവാനും മിടുക്കിയാണ്... പിന്നെ.... ജെയിംസ് പാസ്റ്ററിന് ആലോചിച്ചിട്ട് ഒരു പിടിയും കിട്ടിയില്ല...

അവൾ തന്നോടോ, ഭാര്യ ആനിയോടോ സംസാരിക്കാൻ പോലും കൂട്ടാക്കിയിട്ടില്ല. ആനി പറഞ്ഞത്, അവളോട് സംസാരിക്കാൻ ചെന്നപ്പോൾ 'ഐ ഹേറ്റ് യു ആൻഡ് ഡാഡ്' എന്നാണത്രേ- -!? അവൾ എന്നെ വെറുക്കാൻ മാത്രം ഞാൻ ഒരുക്കിക്കൊടുക്കാത്തത്? പഠിപ്പിച്ചത് ഉന്നതനിലവാരമുള്ള സ്കൂളുകളിൽ. യാതൊരു കാര്യങ്ങൾക്കും മുടക്കം വരുത്തിയിട്ടില്ല...

'താങ്കളെ ഡോക്ടർ വിളിക്കുന്നു'.

അത് കേട്ടപ്പോഴാണ് ജെയിംസ് ചിന്തകളിൽ നിന്നു ഉണർന്നത്. വളരെ വേഗം ജെയിംസ്, ഡോക്ടറുടെ അടുത്തേക്ക് ചെന്നു. 'പ്രയിസ് ദ ലോർഡ്.....' ഡോക്ടർ വർഗ്ഗീസ് സംഭാഷണം ആരംഭിച്ചു.

"പാസ്റ്റർ ആകെ ഭയപ്പെട്ടിരിക്കുന്നല്ലോ? അതിന്റെയൊന്നും ആവശ്യമില്ല..ബി കൂൾ...."

"വർഗ്ഗീസ്, എന്താണ് അവളുടെ പ്രശ്നം?"

"പറയാം പാസ്റ്റർ. ഞാൻ നിങ്ങളുടെ മകളുമായി വിശദമായി സംസാരിച്ചു. അവളുടെ പ്രശ്നവും എനിക്ക് മനസ്സിലായി. ഗുരുതരമായ ഒരു കാര്യവുമില്ല. എല്ലാം നേരെയാക്കാൻ കഴിയുന്നതേയുള്ളു. പാസ്റ്റർ..... നിങ്ങൾ വളരെ തിരക്കുള്ള ഒരു ദൈവദാസൻ ആണെന്ന് എനിക്കറിയാം. പക്ഷേ, ആ തിരക്കിനിടയിൽ നിങ്ങളുടെ വേണ്ടത്ര ശ്രദ്ധ മക്കൾക്ക് കിട്ടിയില്ല എന്നതാണ് ഇപ്പോഴത്തെ പ്രശ്നം."

"ഓ....വർഗ്ഗീസ്....ശ്രദ്ധ കൊടുത്തില്ലെന്നോ? അതെങ്ങനെ? ജെയിംസിന് അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. "നോക്കൂ പാസ്റ്റർ ജെയിംസ്" ഡോക്ടർ തുടർന്നു. "അവളുടെ മനസ്സിൽ എവിടെയോ, നിങ്ങൾ അവൾക്ക് വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല എന്ന തോന്നലുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് അവളുടെ ഫ്രണ്ട്സിന്റെ മാതാപിതാക്കൾ അവരെ അമിതമായി സ്നേഹിക്കുന്നത് കാണുമ്പോൾ ഉണ്ടാകുന്ന ഒരുതരം വിഷാദമാണ് അവളെ ഈ നിലയിൽ എത്തിച്ചത്.

ജെയിംസിന് എന്ത് മറുപടി പറയണം എന്ന് അറിയില്ലായിരുന്നു. ശരിയാണ്..... തനിക്ക് എന്നും തന്റെ പ്രസ്ഥാനത്തെപ്പറ്റി മാത്രമായിരുന്നു ചിന്ത. പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുക. വിവിധ സ്ഥലങ്ങളിൽ പോയി പ്രസംഗിക്കുക ...... ഇതിനിടയിൽ കുടുംബത്തോടൊപ്പം ചിലവഴിക്കുന്ന സമയങ്ങൾ വളരെ കുറവായിരുന്നു. തിരക്കുകൾ കൊണ്ടാണ് തന്റെ കുഞ്ഞുങ്ങളെ ചെറുപ്പത്തിൽ തന്നെ ബോർഡിങ്ങിൽ കൊണ്ടു വിട്ടത്. അവരെ സ്നേഹിക്കാൻ പറ്റിയിട്ടില്ല. ശരിയാണ്...... ജെയിംസിന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി.

എന്നാൽ ജെയിംസിനെ നടുക്കിയ കാര്യം വർഗ്ഗീസ് പറഞ്ഞു തുടങ്ങി......

"ഇതിനെല്ലാം തുടക്കമിട്ടത്, അവളുടെ കുഞ്ഞുനാളിലെ ഒരു അനുഭവമാണ്. നിങ്ങളുടെ മകളാണ് ഇത് എന്നോട് പറഞ്ഞത്. അവൾ ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ, നിങ്ങൾ അവളെ എന്നും രാവിലെ സ്കൂൾ ബസ്സിൽ കൊണ്ടു വിടുമായിരുന്നല്ലോ... ബസ്സിൽ കയറിയ ഉടനെ അവൾ തന്റെ സീറ്റിൽ ഇരുന്നശേഷം അവൾ നിങ്ങളെ റ്റാറ്റാ കാണിക്കും. പക്ഷേ, അതിനു മുമ്പ് നിങ്ങൾ തിരിഞ്ഞു നടന്നിരിക്കും. അവളുടെ കൂട്ടുകാർക്കെല്ലാം അവരുടെ ഡാഡിയും, മമ്മിയും കൈയ്യുയർത്തി വീശി, റ്റാറ്റാ കൊടുത്ത് സ്കൂളിൽ വിടുമ്പോൾ, നിങ്ങൾ മാത്രം നിങ്ങളുടെ മക്കൾക്ക് റ്റാറ്റാ കൊടുത്തില്ല. അത് അവളുടെ മനസ്സിൽ കിടന്നു വളർന്നു. നിങ്ങൾക്ക് അവളോടു സ്നേഹം ഇല്ല എന്ന തോന്നൽ അന്ന് മുതൽ ഉണ്ടായതാണ്. അത് വളർന്നാണ് ഇന്ന് ഈ അവസ്ഥവരെയെത്തിയത്".

ജെയിംസിന് തലചുറ്റുന്നതുപോലെ തോന്നി. ഭൂമി രണ്ടായി പിളരുന്നതുപോലെ.

എന്റെ ദൈവമേ... !! വർഷങ്ങൾക്ക്

11

ലേഖനം

# ഫലവത്തായ കുന്നിലെ കാട്ടുമുന്തിരിങ്ങ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ആദരണീയ അപ്പോസ്തലൻ പൗലോസിന്റെ ആനുകാലിക പ്രശസ്തമായ ഒരു ചോദ്യത്തോടെ തുടങ്ങാം.- "ഇത്ര എല്ലാം വെറുതെ അനുഭവിച്ചുവോ?" (ഗലാത്യർ 3:3).

"ആകയാൽ യെരുശലേം നിവാസികളും യെഹൂദാപുരുഷന്മാരും ആയുള്ളോരേ, എനിക്കും എന്റെ മുന്തിരിതോട്ടത്തിനും മദ്ധ്യേ വിധിപ്പീൻ"!!! കാരണം അവൻ അതിനു വേലികെട്ടി അതിലെ കല്ലുകൾ പെറുക്കി കളഞ്ഞതിന് ശേഷം നല്ല വക മുന്തിരി വള്ളി അതിൽ നട്ടു. വളരെ പ്രതീക്ഷയോടെ ഭാവിയിൽ വിളയുന്ന ഫലത്തിൽ നിന്ന് വീഞ്ഞുണ്ടാക്കുവാൻ ചക്കും ഇട്ടു കാത്തിരുന്നു. പക്ഷെ കായിച്ചത് കാട്ടുമിന്തിരിങ്ങ.!! തിരഞ്ഞെടുത്ത സ്ഥലവും നട്ട മുന്തിരിവള്ളിയും ഏറ്റവും നല്ലതായിരുന്നിട്ടും എന്തേ ഫലം കാട്ടുമുന്തിരിങ്ങയായിപോയി? നല്ല മുന്തിരി വള്ളിയിൽ നിന്നും കാട്ടുമുന്തിരിങ്ങയിലേക്ക് ഗതിമാറിയതെവിടെ?

ദൈവസഭ നടപെട്ടത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും ഫലവത്തായ കുന്നിൻമുകളിൽ ആയിരുന്നു. വിശിഷ്ഠമായ മുന്തിരിവള്ളികളെ കൊണ്ടവൻ തന്റെ തോട്ടം നിറച്ചെങ്കിലും തോട്ടത്തിന്റെ ഉടയവനെയും കാഴ്ചകാരെയും ഒക്കെ അമ്പരിപ്പിച്ചു കൊണ്ട് ഇപ്പോൾ കായിക്കുന്നത് ഏറെയും കാട്ടുമുന്തിരിങ്ങ. നട്ടതിന്റെയും ഫലശേഖരണത്തിന്റെയും ഇടയ്ക്കു എവിടെയോ വഴിമാറി സഞ്ചരിച്ചിട്ടുണ്ട് എന്നത് അവിതർക്കിതമാണ്. അല്ലെങ്കിൽ പിന്നെ ഇങ്ങനെ സംഭവിക്കാൻ സാധ്യതകൾ ഒന്നുമില്ല. എവിടെയാണ് നാം പിഴച്ചത്? എവിടെയാണ് നാം വഴിമാറിയത്? ഫലവത്തായ കുന്നിലെ ഫലം കായ്ക്കാൻ ഇറങ്ങിപുറപ്പെട്ട പെന്തക്കോസ്തു സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി, പുറപ്പെടുവിക്കുന്ന ആകാത്ത ഫലമാണ് എന്നത് ഖേദകരമായ വസ്തുതയാണ്. നല്ല തലയെടുപ്പോടെ മരം വളർന്നു നിൽക്കുന്നുണ്ടെങ്കിലും കായ്ച്ചു നില്ക്കുന്ന കനികൾ കർത്താവിനെ കരയിപ്പിക്കുന്നു.

വേണ്ടുന്നതെല്ലാം തന്ന് അവിടുന്നു നമ്മെ വളർത്തി...രാഷ്ട്രീയ സ്വാധീനതയും ഭരണതലത്തിലെ പിടിപാടുകളും ഇല്ലാതിരുന്ന എണ്ണത്തിൽ ഏറ്റവും കുറവുമായിരുന്ന ഈ ചെറിയ ആട്ടിൻകൂട്ടത്തെ അവിടുന്ന് വേലികെട്ടി ശത്രുക്കളിൽ നിന്നും സംരക്ഷിച്ചു....ഉണ്ണാനും ഉറങ്ങാനും ഉടുക്കാനും ഇല്ലാതിരുന്ന വിഷമ സന്ധികളിൽ നിന്നും വിശാലതയിലേക്ക് നാം നടന്നു കയറി...വിട്ടതിനൊക്കെ പകരം വിലയുള്ള പലതും നേടിയെടുത്തു... ആഴമുള്ള ശൂന്യതകളിൽ നിന്നും അതിരുകടക്കുന്ന ആർഭാടങ്ങളിലേക്ക് നാം ചുവടുമാറി...നമ്മുടെ വളർച്ച സമൂഹത്തിൽ ചലനങ്ങൾ ഉണ്ടാക്കാൻ തുടങ്ങി....നമ്മെ കണ്ടില്ലെന്നു നടിച്ചിരിക്കാൻ കഴിയാത്ത നിലയിൽ നമുക്കുള്ള സ്വാധീനത പരക്കെ അംഗീകരിക്കപ്പെട്ടു.... ആട്ടിയിറക്കിയവർ സ്നേഹവായ്പോടെ ആലിംഗനം ചെയ്തു സ്വീകരിച്ചു....ഓലക്കീറുകൾ ചാരിനിറുത്തി മുകളിൽ വിതറിയ വയ്ക്കോൽ കൂരക്കുകീഴിൽ അസ്ഥി നുറുക്കുന്ന തണുപ്പിലും തളർത്തുന്ന കത്തുന്ന ചൂടിലും പെയ്തിറങ്ങുന്ന കനത്ത മഴയിലും മെഴുകിയ ചാണകത്തറയിൽ ഇരുന്നു ആത്മനാഥനെ ആർത്തുപാടി ആരാധിച്ചിരുന്ന ഇടങ്ങളിൽ നിന്നും നയനമനോഹരങ്ങളായി അലങ്കരിക്കപ്പെട്ട ശീതികരിച്ച കോൺക്രീറ്റ് സൗധങ്ങളിലേക്ക് നാം മാറിയിരിക്കുന്നു....എല്ലാം ഫലവത്തായ കുന്നിലെ തോട്ടത്തിൽ നടപെട്ടു എന്ന ഒറ്റ കാരണത്താൽ!!! പക്ഷെ ഇതെല്ലാം തന്നു വളർത്തി വലുതാക്കിയ ഉടയവന് ഒടുവിൽ ലഭിക്കുന്നത് കാട്ടുമിന്തിരിങ്ങയല്ലേ..!!!

ഒരു കൃഷിയിടത്തിലും കാണാത്ത വൈരുധ്യമാണ് ഈ ഫലവത്തായ കുന്നിലെ തോട്ടത്തിൽ കാണുന്നത് എന്നത് വിചിത്രമായിരിക്കുന്നു. കാരണം നിൽക്കുന്ന സ്ഥലവും നടപ്പെട്ടവള്ളിയും നോക്കിയാൽ ഒരിക്കലും ഇങ്ങനെ ഒരു ദുരന്തം ഉണ്ടാകേണ്ടതല്ല. നല്ല മുന്തിരിവള്ളിയിലെ കാട്ടുമുന്തിരിങ്ങ കണ്ടവർ കണ്ടവർ ആകംക്ഷയോടെ നിരീക്ഷിക്കുന്നു. പെന്തക്കോസ്തു സമൂഹം എന്ന നല്ല വള്ളിയിൽ നിന്നുകൊണ്ട് സാത്താന്യ ഉല്പന്നങ്ങൾ പുറപ്പെടുവിക്കുന്നവരാണ് നാമെങ്കിൽ തീഷ്ണതയുള്ള ദൈവത്തിനു നമ്മോടു തോന്നുന്ന ഭാവം എന്തായിരിക്കും? കുലച്ചുനിൽക്കുന്ന മുന്തിരിങ്ങ കണ്ടുകൊണ്ടു ഫലവത്തായ കുന്നിലെ തോട്ടത്തിൽ പ്രവേശിച്ച പുത്തൻ വ്യക്തികൾ കാലങ്ങളേറെ കഴിഞ്ഞതിനു മുമ്പേ കാര്യം തിരിച്ചറിഞ്ഞു- അത് കാട്ടുമുന്തിരിങ്ങയായിരുന്നു. നിറഞ്ഞു നിൽക്കുന്ന കാട്ടുമുന്തിരികൾക്കിടയിൽ നല്ല ഫലം കായ്ക്കാനുള്ള ചിലരുടെ താല്പര്യം വെള്ളത്തിൽ വരച്ച വര പോലെ കാണ്മാനില്ല. ഒടുവിൽ നന്നാവാൻ വന്നവനും നാശയോഗ്യനാകുന്ന കാഴ്ചമാത്രം.

സമ്മിശ്ര വികാരങ്ങളിൽ നിന്നും ഉടലെടുത്ത പൗലോസിന്റെ ഒരു ചോദ്യം ഗലാത്യസഭയോട് താൻ ചോദിക്കുന്നത് ചിന്തനീയമാണ്. "നിങ്ങൾ നന്നായി ഓടിയിരുന്നു; സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തു കളഞ്ഞു?" (ഗലാത്യർ 5:7). ലോകമോഹങ്ങളോട് സമരസപെട്ടുകൊണ്ട് അനുവദനീയമല്ലാത്ത പലതിനോടും നാം കൈകോർത്തു സന്ധി ചെയ്യുമ്പോൾ വിലകൊടുത്ത നാഥനോടപരാധം ചെയ്യാൻ എന്ത് ന്യായമാണ് അവനിൽ കണ്ടത്? ഫലമില്ലാതെ പടർന്നു പന്തലിച്ചു നിൽക്കാൻ മാത്രം ഉപകരിക്കുന്ന നവ ആത്മീയതയുടെ വിലകുറഞ്ഞ വെളിപ്പാടുകളും കാട്ടുമുന്തിരിങ്ങ കായ്ക്കാൻ പ്രത്യേകം തയ്യാറാക്കിയ ദുരുപദേശങ്ങളുടെ വളമിടുന്ന പുതിയ സുവിശേഷ കച്ചവടക്കാരും സത്യം തിരിച്ചറിയുവാൻ ജനത്തെ സഹായിക്കാത്ത നേതൃത്വവും ചേർന്ന് ഫലവത്തായ കുന്നിലെ കൃഷി നശിപ്പിക്കുന്ന ചെറുകുറുക്കന്മാരായി തീരുന്നു എന്നത് ഏറ്റവും അപഹാസ്യമാണ്. ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവരുടെ മലിനമായ ദുർമ്മര്യാദകൾ നിമിത്തം കാട്ടുമുന്തിരിങ്ങകൾ അസംഖ്യം കായിക്കുമ്പോൾ അതൊന്നുമറിയാതെ കണ്ടില്ലെന്നു കരുതി വിട്ടുകളയാൻ തക്കവണ്ണം വിലകൊടുക്കാതെയല്ലോ അവൻ നമ്മെ തോട്ടത്തിലാക്കിയത്!!. ഫലവത്തായ കുന്നിലെ സുന്ദരമായ കാലാവസ്ഥയും വളക്കൂറുള്ള മണ്ണും അവിടുത്തെ അനുഗ്രഹീത സംരക്ഷണവും ഒക്കെ മറയാക്കി വീണ്ടും കാട്ടുമുന്തിരിങ്ങയാണ് പുറപ്പെടുവിക്കുവാൻ ഭാവമെങ്കിൽ ഈ മറുതലിപ്പിനെതിരെ അവൻ പ്രതികരിക്കും. വേലി പൊളിക്കും, ശൂന്യമാകും, മതിൽ ഇടിക്കും, ചവിട്ടി മെതിക്കും, കിളക്കാതെയും വള്ളിത്തല മുറിക്കാതെയും വിട്ടുകളയും, അത് തിന്നു പോകും. കാരണം അവൻ പ്രതീക്ഷിച്ചത് കാട്ടുമുന്തിരിങ്ങ ആയിരുന്നില്ല.!!! നമ്മിലൂടെ പുറപ്പെടുന്ന വിഷ ഉൽപ്പന്നങ്ങളാൽ അനേകർ അനാരോഗ്യരായി തീരുന്നു എന്നത് നാം വിസ്മരിച്ചുകൂടാ. നമ്മെ നട്ടപ്പോൾ അവിടുന്ന് പ്രതീക്ഷിച്ച ഫലം തന്നെ ആയിരിക്കട്ടെ വിളവെടുപ്പിന്റെ സമയത്ത് നമ്മിൽ നിന്നും ലഭിക്കുന്നത്. ഇതിന്റെ ഒക്കെ നടുവിലും ദൈവമേ "നിന്റെ വലങ്കൈ നട്ടിട്ടുള്ളതിനെയും നീ നിനക്കായി വളർത്തിയതയേയും പാലിക്കണമേ" എന്ന പ്രാർത്ഥനയോടെ....

## നിത്യതയിൽ



**കുഞ്ഞൂഞ്ഞമ്മ ഇട്ടി**

**പത്തനാപുരം:** ചർച്ച് ഓഫ് ഗോഡ് മുൻ ഓവർസിയർ പരേതനായ പാസ്റ്റർ വി. സി. ഇട്ടിയുടെ സഹധർമ്മിണി പത്തനാപുരം വാതല്ലൂർ വീട്ടിൽ കുഞ്ഞൂഞ്ഞമ്മ ഇട്ടി (71) നിത്യതയിൽ പ്രവേശിച്ചു. ശാരീരിക ക്ലേശങ്ങളാൽ ഭവനത്തിൽ ആയിരുന്ന കർത്തൃദാസി 29/04/2014 രാത്രി 10.30യോടെയാണ് താൻ പ്രീയംവെച്ച കർത്തൃസന്നിധിയിൽ പ്രവേശിച്ചത്. സംസ്കാരം മെയ് 5-ാം തീയതി തിങ്കളാഴ്ച 9 മണിക്ക് ഭവനത്തിൽ ശുശ്രൂഷ ആരംഭിച്ച് 12 മണിക്ക് പത്തനാപുരം ടൗൺ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി. മക്കൾ: ജേക്കബ് ഇട്ടി, എസ്തേർ, എലിസബേത്ത്. മരുമക്കൾ: പത്തനാപുരം വെട്ടിക്കാട്ട് മാത്യു ശാമുവേൽ, തുവയൂർ വേലൻനിൽക്കുന്നിൽ സ്റ്റീഫച്ചൻ ജോവേൽ, കോന്നി ഒഴുമണ്ണിൽ മോളി ജേക്കബ്.

**പൊന്നമ്മ പാപ്പച്ചൻ (67)**



**കോന്നി:** കോന്നി അട്ടച്ചാക്കൽ, പുത്തൻ ചിറയിൽ ലോഡിംഗ് പാപ്പച്ചൻ ഉപദേശിയുടെ (തോമസ് തോമ) ഭാര്യ പൊന്നമ്മ പാപ്പച്ചൻ (67), നിത്യതയിൽ പ്രവേശിച്ചു. ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം സംസ്കാരശുശ്രൂഷ പത്തനംതിട്ട ഐ. പി. സി. സഭയുടെ സെമിത്തേരിയിൽ നടത്തി. പാസ്റ്റർ സി. റ്റി. ജോൺ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അനേകം ദൈവമക്കൾ ശുശ്രൂഷയിൽ സംബന്ധിച്ചു. മക്കൾ: ബെൻസി, പരേതനായ ബെറ്റി. മരുമക്കൾ: പാസ്റ്റർ തോമസ് കാവാലം, പാസ്റ്റർ ജോൺസൺ ആയൂർ.



**ഏലിയാമ്മ നൈനാൻ**

**തിരുവല്ല** കവിയൂർ പണ്ടാത്തിൽ പരേതനായ പി. എൻ. നൈനാൻ ഭാര്യ ഏലിയാമ്മ നൈനാൻ (85) ഫിലഡൽഫിയയിൽ ഏപ്രിൽ 15ന് നിത്യതയിൽ പ്രവേശിച്ചു. മക്കൾ നൈനാൻ വർഗീസ്, പാസ്റ്റർ നൈനാൻ കോശി, നൈനാൻ മാത്യു, നൈനാൻ ചാണ്ടി, കുഞ്ഞുമോൾ എന്നിവർ ഫിലഡൽഫിയയിൽ (യു. എസ്. എ.). നൈനാൻ പണ്ടാത്തിൽ നൈനാൻ ഏബ്രഹാം മോളി, ഷീല എന്നിവർ കേരളത്തിൽ. മരുമക്കൾ: അച്ചാമ്മ, സൂസൻ, ജസ്സി, പ്രസാദ്, ബിന്ദു, അമ്മിണി, ജോയി, സൂസൻ, പാസ്റ്റർ ഉമ്മൻ വർഗീസ്. സംസ്കാരം നടത്തി. പാസ്റ്റർ ഫിന്നി വർക്കി, ഡോ. വിക്ടർ ജോസ് തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## 03 വേദപഠനം........

ന്നും പാടേ മാറ്റപ്പെട്ടു പോകുവാൻ ഇടയാകുകയും ചെയ്യും. ദൈവാത്മാവിലൂടെയല്ലാതെ പ്രവർത്തിക്കുന്ന ദുരുപദേഷ്ടാക്കന്മാരെ വിശുദ്ധ പൗലോസിന്റെ ഭാഷയിൽ പറഞ്ഞാൽ കപടവേലക്കാർ, 2 കൊരി: 11:13, നിങ്ങളെ കലക്കുന്നവർ ഗലാ: 1:7, കള്ളസഹോദരന്മാർ ഗലാ: 1:24, ക്രിസിതുവിന്റെ ക്രൂശിന്റെ ശത്രുക്കൾ, ഫിലി : 3:18, വശീകരിക്കുന്നവർ, വഞ്ചിതൻ, കൊല. 2: 4-8. ഈ വാക്കുകളിലൂടെ ദുരുപദേഷ്ടാക്കന്മാരുടെ പ്രവർത്തനലക്ഷ്യം പ്രവർത്തിമണ്ഡലവും മനസ്സിലാക്കാം. തുടരും...



INDIA BIBLE COLLEGE & SEMINARY
Trains dedicated men & women to fulfill the Great Commission of Jesus Christ

COURSES (FOR MEN AND WOMEN)
MASTER OF DIVINITY (M.Div)
Three year program for secular degree holders.
Two years for (ATA) B.Th degree holder with B grade.
BACHELOR OF THEOLOGY (B.Th)
Three year English medium program for pre-degree holders, +2 or the equivalent.
DIPLOMA IN THEOLOGY (Dip.Th)
Three year program in Malayalam for those with S.S.L.C pass certificate or the equivalent.
Dip.Th (2 years) English Medium
Qualification: 10th pass or it's equivalent.
CERTIFICATE IN THEOLOGY (C.Th)
One year program in Malayalam.
EXTENSION PROGRAM
Three year correspondence program offering B.Th (English) and Dip. Th (Malayalam).
EVENING CLASSES AT DIFFERENT LOCATIONS IN KERALA
This training is in 10 week modules offered three terms a year leading to a Certificate in Biblical Studies for lay persons.

NEW COURSES BEGIN IN 2014
M.Th (Master of Theology) IN COUNSELING (2 years)
Qualification : M.Div / B.D. Degree.
C.B.C. (Certificate in Biblical Counseling) 1 year
Qualification : Plus two or equivalent.

For more details contact
Dean of Admissions,
India Bible College & Seminary
Hebron, Kumbanad
Kerala-689 547, India.
Ph: 0469-3051700, 2664075
Visit: www.ibc.ac.in

Admission Open

President: Pastor T. S. Abraham
Director: Rev. Dr. T. Valson Abraham

M. Div, B. Th & Dip. Th PROGRAMS ARE ACCREDITED BY ATA

## കാലികം

# സമ്മർദ്ദം ഏറുമ്പോൾ സത്യദൈവത്തെ തള്ളുന്നവർ



സജി നെടുങ്കണ്ടം

ആത്മീയ ജീവിതത്തിന്റെ ആനുകൂല്യം പറ്റേണ്ടവർ പ്രതികൂലങ്ങളുടെ മുമ്പിൽ അടിപതറരുത്. അടിതെറ്റിയാൽ ആനയും വീഴും എന്ന പഴമൊഴി പോലെ ശക്തന്മാരായ ഭക്തൻമാരും വീണുതകർന്ന പോർക്കളമാണിത്. ആത്മീയ ജീവിതം സത്യത്തിൽ യുദ്ധമാണ്. യുദ്ധം “വാഴ്ചകളോടും അധികാരങ്ങളോടും സ്വർലോകത്തിലെ ദുഷ്ടാത്മ സേനകളോടുമാണ്” ഈ യുദ്ധത്തിൽ ശത്രുവിന്റെ വെട്ടുകൊണ്ട് നിലമ്പതിക്കാതിരിക്കാൻ ഓരോ വിശുദ്ധനും ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം (എഫെ: 6:11). ശത്രുവിന്റെ ആക്രമണത്തെ ഭയക്കേണ്ടവരല്ല ദൈവജനം. ഉറച്ചു നില്ക്കുവാനും പോരാടി ജയിക്കുവാനും ദൈവജനം ഒരുക്കമുള്ളവരായിരിക്കണം. ഇത് ആത്മീയ യുദ്ധമാണ്. അദൃശ്യ മണ്ഡലത്തിൽ വിന്യസിച്ചിരിക്കുന്ന ഇരുട്ടിന്റെ ശക്തികളെ ദൈവാത്മാവിന്റെ വെളിച്ചം സ്വീകരിച്ച് തുരത്തി ഓടിക്കണം. ജഡത്തിൽ സഞ്ചരിക്കുന്ന ദൈവജനത്തിന്റെ പോരാട്ടം ഒരിക്കലും ജഡരക്തത്തോടല്ല(എഫെ: 6:12). യേശുവിനെ പരീക്ഷിക്കുവാൻ അടുത്തു വന്ന സാത്താനെ ദൈവവചനമാകുന്ന വാൾ ഉപയോഗിച്ചാണ് തുരത്തിയത്. വചനത്തിന്റെ മുമ്പിൽ നെഞ്ച് വിരിച്ചു നിൽക്കാൻ ശക്തിയുള്ള സാത്താൻ ഒരു സ്ഥലത്തും ഇല്ല. സാത്താന്റെ നേതാവായ ലൂസിഫർ ഈ വാളിന്റെ വെട്ടേറ്റാണ് നിലത്തു വീണത് (യെശ: 14:12). ദൈവവചനമാകുന്ന ഇരുവായ്ത്തലയുള്ള വാളിന്റെ മുമ്പിൽ പിടിച്ചു നില്ക്കാൻ കഴിയാതെ സാത്താൻ പരാചയപ്പെടുകയാണ് പതിവ്. വിശുദ്ധന്മാർ ഉറച്ചുനിന്ന് യുദ്ധം ചെയ്താൽ സാത്താന്റെ ഏതു കോട്ടയും തകർത്തെറിയാം. യിസ്രായേൽ ജനം യെരിഹോ കോട്ടയ്ക്ക് ചുറ്റും ഏഴുതവണ ചുറ്റി നടന്ന് ശക്തനായ ദൈവത്തെ സ്തുതിച്ചപ്പോൾ ശത്രുവിന്റെ കോട്ടകൾ തകർന്നുപോയി (യോശു:6:20). ദൈവജനത്തിന്റെ സ്തുതിയുടെ മുമ്പിൽ തകരാത്ത കോട്ടകൾ ഇല്ല. ആ ഉറപ്പ് പ്രാപിച്ചവർ പ്രതികൂലത്തിൽ പതറില്ല പിടിച്ചു നിൽക്കും. എന്നാൽ വിശ്വാസത്തിന്റെ വീരവാദം മുഴക്കി എന്നെ ആർക്കും ഈ വിശ്വാസത്തിൽ നിന്ന് പിൻതിരിപ്പിക്കുവാൻ കഴിയില്ല എന്നു പറഞ്ഞ് ഉച്ചത്തിൽ നിഗളിച്ച പലരും ദൈവകൃപയിൽ നിന്ന് വീണുപോയിട്ടുണ്ട്. ദൈവകൃപയിൽ ആശ്രയിച്ച് പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ച് ഉറച്ചുനിൽക്കാൻ തയ്യാറായാൽ ഒരു ശക്തിക്കും നമ്മെ തകർക്കാൻ കഴിയില്ല. പൊങ്ങച്ചവും വീരവാദവും ആത്മീയർക്ക് യോജിച്ചതല്ല. പൗലോസിന്റെ ഭാഷയിൽ പറഞ്ഞാൽ ഞാനാകുന്നത് കൃപയാൽ ആകുന്നു.......അതാണ് സത്യം.

യേശുവിന്റെ ശിഷ്യന്മാരിൽ ഒന്നാമനായ പത്രോസ് കഠിനാധ്വാനിയും ഉത്സാഹിയുമായിരുന്നു. രാത്രിമുഴുവൻ മീൻ പിടുത്തത്തിനായി അധ്വാനിച്ചു ഒന്നും കിട്ടിയില്ല. നിരാശനാണെങ്കിലും പണിനിർത്തിട്ടു പോകാൻ പത്രോസിനു മനസില്ല. അടുത്ത രാത്രിയിലും കഠിനാധ്വാനത്തിനായി താൻ വല കഴുകി ഒരുക്കി (ലൂക്കോ:5:3) എന്നാൽ യേശുവിന്റെ ശിഷ്യനായിട്ടും തന്റെ എടുത്തുചാട്ടത്തിനോ ഞാൻ എന്നഭാവത്തിനോ മാറ്റം ഉണ്ടായില്ല. ഒരിക്കൽ യേശു പറഞ്ഞു ഞാൻ ഇടയനെ വെട്ടും ആടുകൾ ചിതറിപോക്കും. ശിഷ്യന്മാർ ആരും മിണ്ടിയില്ല. പത്രോസ് ചാടി എണീറ്റു. ആരെക്കെ ഇടറിയാലും ‘ഞാൻ’ ഇടറത്തില്ല. യേശു കൊടുത്ത മറുപടി കോഴി രണ്ടുവട്ടം കൂവു മുമ്പ് നീ എന്നെ മൂന്നുവട്ടം തള്ളിപ്പറയും. മറ്റു ശിഷ്യന്മാരുടെ മുമ്പിൽ ആളുകളിക്കാനാണ് ആ വെല്ലുവിളി നടത്തിയത് (മർക്കോ: 14: 27-31). പടയാളികൾ പ്രാർത്ഥനയ്ക്ക് പോയ യേശുവിനെ തോട്ടത്തിൽ വച്ച് പിടിച്ചു കെട്ടി. വിസ്തരിക്കാനായി ഓരോ സ്ഥലങ്ങളിൽ കൊണ്ടുപോയി. യേശുവിനേറ്റ പ്രതിക്കൂലത്തിൽ ശിഷ്യന്മാർക്ക് പിടിച്ചുനിൽക്കാനായില്ല. അവർ ചിതറപ്പെട്ടു. പട്ടാളാക്കാരുടെ ക്രൂരമായ പെരുമാറ്റം കണ്ടവർ ഓടിക്കളഞ്ഞു. എന്നാൽ യേശുവിനെ അവർ മഹാപുരോഹിതന്റെ വീട്ടിലേയ്ക്ക് കൊണ്ടുപോയി. പുറകേ ചെന്ന പത്രോസ് നടു മുറ്റത്ത് കടന്നു. തീ കായുന്ന ചിലരെ കണ്ടു അവരുടെ കൂടെ ഇരുന്നു. ഒരു ബാല്യക്കാരത്തി പത്രോസിനെ കണ്ട് തിരിച്ചറിഞ്ഞ് ഇവനും അവനോട് കൂടെ ആയിരുന്നു എന്ന് പറഞ്ഞു. ഉടനെ പത്രോസ് സ്ത്രീയെ ഞാൻ അവനെ അറിയുന്നില്ലായെന്നു പറഞ്ഞുകൊണ്ട് യേശുവിനെ തള്ളിപ്പറഞ്ഞു. പിന്നീട് രണ്ടു പേരുകൂടി പത്രോസിനെ തിരിച്ചറിഞ്ഞിട്ട് ചോദ്യം ചെയ്തു. അപ്പോഴും പത്രോസ് യേശുവിനെ തള്ളിപ്പറയുകയാണ് ചെയ്തത്. അങ്ങനെ പത്രോസ് യേശുവിനെ മൂന്നു വട്ടം തള്ളിപ്പറഞ്ഞപ്പോൾ കോഴികൂകി. അപ്പോൾ യേശുതിരിഞ്ഞ് പത്രോസിനെ നോക്കി (ലൂക്കോ: 22: 54 -61). വീരവാദം മുഴക്കി നടന്ന പത്രോസ് പ്രതികൂലത്തിന്റെ സമ്മർദ്ദം ഏറിയപ്പോൾ അതുവരെ നാഥനും കർത്താവുമായി ഹൃദയത്തിൽ സൂക്ഷിച്ചകർത്താവിനെ തള്ളിപ്പറഞ്ഞു. സത്യത്തിൽ എന്തിനു വേണ്ടിയാണ് ഈ പ്രകസനം. താൽക്കാലിക ലാഭമല്ല ക്രിസ്തീയ ജീവിതം പ്രധാനം ചെയ്യുന്നത്. വിലകൊടുക്കാൻ നാം തയ്യാറായാൽ നിത്യതയിലും വിളങ്ങാം സൂര്യനെ പോലെ. എടുത്തചാട്ടക്കാരായി നാം മാറാതെ ദൈവകൃപയിൽ ആശ്രയിച്ച് പിടിച്ച വിശ്വാസത്തിനായി അന്ത്യത്തോളം വില കൊടുത്ത് നിൽക്കണം. വിലപ്പെട്ട നിത്യത ഒറ്റ വാക്കിന്റെ പേരിൽ നഷ്ടമാക്കരുത്.

വേറൊരു ഭക്തന് നേരിട്ട പീഡനം നാം പരിശോധിക്കുക. ആദ്യത്തെ രക്തസാക്ഷി സ്തേഫാനോസ്. തനിക്ക നേരിട്ട ശോധനയിൽ ജീവൻ നൽകേണ്ടി വന്നു. എങ്കിലും താൻ സ്വന്തമാക്കിയ ജീവനാഥനെ തള്ളിക്കളയാൻ ആ ഭക്തൻ തയ്യാറായില്ല. നൂറുകണക്കിന് ആളുകളുടെ കല്ലേറ് കൊണ്ട് സ്തേഫനോസ് ഒരു പട്ടിയെ പോലെ നിലത്തുവീണു. സത്യത്തിൽ സാഹചര്യത്തെ പഴിച്ച് യേശുവിനെ തള്ളിപ്പറഞ്ഞ് തനിക്ക് രക്ഷപ്പെടാം. ഇവിടെ വ്യത്യസ്ഥമായ ഒരു അനുഭവമാണ് ഈ ശിഷ്യനിൽ കാണുന്നത്. അനുകൂല സാഹചര്യത്തിലും ആത്മാവിൽ ആരാധിക്കുവാൻ ചിലപെന്തെക്കോസ്തുകാർ ശ്രമിക്കാറില്ല. കഠിന പീഡയിൽ ഇവിടെ ഒരു ഭക്തൻ പരിശുദ്ധാത്മാവിൽ നിറയുന്നു. കൂടെ പ്രതികൂലത്തിൽ പിടിച്ചു നിൽക്കാൻ താൻ സ്വർഗ്ഗത്തിലേയ്ക്ക് ഉറ്റുനോക്കി. ദൈവ മഹത്വം പിതാവിന്റെ വലത്തുഭാഗത്ത് തന്റെ രക്ഷകൻ നിൽക്കുന്നതും കണ്ടു. എന്നാൽ കൃത്യനിർവ്വാഹണത്തിനായി തുനിഞ്ഞിറങ്ങിയ ആ ഭ്രാന്തന്മാർ ചുറ്റും കൂടി കൂർത്ത കരിങ്കല്ലു കൊണ്ട് ആ ഭക്തനെ എറിഞ്ഞു വീഴ്ത്തി. സമീപത്ത് തുണി സൂക്ഷിക്കുന്ന ശൗൽ എന്ന ചെറുപ്പക്കാരനെയും കാണാം. മരണത്തിന് കീഴടങ്ങും മുമ്പ് ആ ഭക്തൻ ക്രൂരന്മാരുടെ രക്ഷയ്ക്കായി ഉച്ചത്തിൽ പ്രാർത്ഥിച്ചു. തൽസമയം എഴുന്നേറ്റുനിന്ന യേശുവിൻ കൈകളിലേയ്ക്ക് പ്രാണൻ പറന്നുപ്പോയി. മരണസമയത്തും തന്റെ ഗുരുവിനെപ്പോലെ ശത്രുവിനുവേണ്ടി പ്രാർത്ഥിപ്പാൻ സ്തേഫാനോസിനു സാധിച്ചു. ഈ പീഡകൾക്കൊല്ലാം പല്ലുകടിച്ച് കല്ലുമായി നിന്ന സാക്ഷ്യം വഹിച്ച ബാല്യക്കാരനായ ശൗൽ ദൈവകരങ്ങളിൽ വീണു; പിന്നീട് മാനസാന്തരപ്പെട്ടു. ക്രിസ്തു ശിഷ്യന്മാരെ കൊന്നു മുടിക്കാൻ കൂട്ടു നിന്ന ശൗൽ എന്ന പൗലോസ് പിൻക്കാലങ്ങളിൽ പതിനായിരങ്ങളെ ദൈവസന്നിധിയിൽ എത്തിക്കുന്ന ഉത്തമ പടയാളിയായി മാറി (അപ്പോ:7:54-60). ജീവിത്യാഗം ചെയ്യേണ്ടി വന്നിട്ടും ദൈവത്തെ തള്ളിപ്പറയാതെ ധീരതയോടെ നിന്ന ക്രിസ്തു ഭക്തൻ ഒന്നാമത്തെ രക്തസാക്ഷിയായി. എന്തു പ്രതികൂലവും വരട്ടെ ഉറച്ചു നിൽക്കുക....... സത്യദൈവത്തെ തള്ളിപ്പറയുന്ന ദുഷ്ടമനസ് നമ്മുക്കാർക്കും ഉണ്ടാകരുത്.

## ലേഖനം

# വനരോദനം



പാസ്റ്റർ സജി മത്തായി

ഒരു യഥാർത്ഥ ശുശ്രൂഷകന്റെ പാത ഒരിയ്ക്കലും സുഗമമല്ല. കല്ലും മണ്ണും നിറഞ്ഞ പ്രയാണപഥങ്ങൾ. കാപട്യമായ നാട്യവും, നഗ്നമായ സ്വാർത്ഥതയും പലരിൽ നിന്നും പലവട്ടം രുചിച്ചവർ. തിരസ്ക്കാരങ്ങളെ അംഗീകരണമായും, അംഗീകരണങ്ങളെ അതിരുവിട്ടുവരുന്ന പ്രവർത്തനങ്ങളുടെ നടുവിൽ- അത് എത്ര ഉന്നതമായിരുന്നാലും ത്യജിയ്ക്കുവാനുള്ള മനോഭാവത്തോടെയുള്ള പ്രാർത്ഥനയും, പഠനവും, യാതനകളും, വിളിയിലുറപ്പിച്ച് ഇടയശുശ്രൂഷ ചെയ്യുന്ന കർതൃദാസന്മാർ വലിയ വെല്ലുവിളികളെ എക്കാലത്തും അഭിമുഖീകരിക്കുകയും, അവയിൽ നിന്നൊക്കെ അത്ഭുതകരമായ് വിടുതൽ പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.കേന്ദ്രീകൃതമല്ലാത്ത ഭൗതീക ചുറ്റുപാടുകളും, സ്വജനവും അന്യജനവും ഉൾപ്പെടെ ആർക്കും ഏതുസമയത്തും, “കുതിരകയറുവാൻ” തക്കവണ്ണമുള്ള സംരക്ഷണവേലിയുമാണവർക്ക് ഒരർത്ഥത്തിൽ ലോകത്തിൽ നിലവിലുള്ളത്.

പട ചേർത്തവനെ പ്രസാദിപ്പിയ്ക്കുവാനുള്ള വ്യഗ്രതയിൽ എല്ലാം ചപ്പെന്നും, ചവറെന്നും എണ്ണി, നെഞ്ചും നെറ്റിയും കൊടുത്തു നില്ക്കുന്നവർ, ആരോഗ്യത്തിലവശരായി, ഭൗമീകത്തിൽ തീരെ “പുവർ” ആയ് അസ്തമിയ്ക്കുവാൻ പോകുന്ന സൂര്യനെ പോലെ ഓട്ടം ഓടി മറയുന്നവർ. ഇവരുടെ നിലനില്പിന്റെ ആപേക്ഷിക ഘടകം എന്താണ് എന്ന് സാധാരണക്കാർക്ക് മനസിലാകയില്ല.

54 ഡിഗ്രിയിലധികം ചൂടുവെള്ളത്തിൽ ഒരു ജീവിയും ജീവൻ നിലനിർത്തില്ലാ എന്ന ശാസ്ത്രനിഗമനത്തെ ഞെട്ടിപ്പിക്കുന്നതായിരുന്നു, സമുദ്രാന്തർഭാഗത്തുള്ള “ആൽവിനെഡ്” വിരകൾ 78 ഡിഗ്രി ചൂടിൽ തലയുയർത്തി -0 ഡിഗ്രി തണുപ്പിൽ വാലാട്ടി ജീവിക്കുന്നതു കണ്ടപ്പോൾ ജീവന്റെ നിലനില്പിന്റെ ആണിക്കല്ല് ചൂടാണോ തണുപ്പാണോ എന്ന ചോദ്യമുയർന്നു. ദൈവം എഴുന്നേല്പിച്ച സത്യശുശ്രൂഷകരും ഇതേ അനുഭാവമാണ് പുലർത്തുന്നത്. വലിയ ചൂടിലും കൊടിയതണുപ്പിലും തലയുയർത്തി വാലാട്ടി പ്രയത്നിക്കുന്നവർ മറ്റുള്ളവർക്കെപ്പോഴുമവർ ജീവിതവിഷയങ്ങളിൽ ചോദ്യങ്ങളും അത്ഭുതങ്ങളുമായവർ തുടരുന്നു.

സംഘടനാബലത്തിന്റെ അതിപൂരിതലായനി വേണ്ടുവോളം ഊറ്റിക്കുടിച്ച് അനാത്മീകത്തിന്റെ വള്ളിയൂഞ്ഞാലാട്ടം നടത്തി, ആത്മീകരുടെ ഇടയിൽ പാറിപ്പറന്നു നടക്കുന്ന, സമകാലീക രാഷ്ട്രീയ പ്രവർത്തനങ്ങളുടെ തനിപ്പകർപ്പായ്, കുത്സിത പ്രവർത്തനം നടത്തുന്ന, പ്രാപ്പിടയന്മാരുടെ കയ്യിൽ നിന്നും, സഭയാക്കുന്ന വെള്ളരിപ്രാവിനെ രക്ഷിയ്ക്കാൻ ഇറങ്ങുന്നവരുടെ ജീവനോദ്പാതന വ്യവസ്ഥകൾ അടുത്തറിഞ്ഞാൽ ആരും മൂക്കത്തു വിരൽ വെയ്ക്കും, പല ഇടങ്ങളിലും. തുള്ളി കൊണ്ടു തുടച്ച് തുടം കൊണ്ടു തേവണം എന്നുള്ള അബദ്ധപഞ്ചാംഗം വിശ്വാസികൾ ദൈവദാസന്മാരോട് പലവുരു മൊഴിഞ്ഞവരെ മജീഷ്യരെപ്പോലെ പൊതു ലോകത്തിൽ ജീവിയ്ക്കുവാൻ ഉൾപ്രേരണ കൊടുക്കയാണ്.

10 വിദേശജോലിക്കാർ ഉള്ള സഭയിലും വിവരവകാശം വെച്ചൊരന്വേഷണം നടത്തിയാൽ അംബാസിഡർക്കൊരായ്യായിരത്തിൽ താഴെയായിരിക്കും. നക്കാപിച്ചയുടെ കണക്കുപറയാത്ത പ്രാദേശീക പാസ്റ്റർമാരുടെ ഭൗമീകത്തിന്റെ കടയ്ക്കൽ കത്തിവെച്ചനന്തരം, മേൽത്തട്ടിൽ വാരിക്കോരിക്കൊടുത്ത് നല്ലപിള്ള ചമയുന്ന “ധീരോദാത്തനതിപ്രതാപഗുണവാന്മാർ” ഏറിവരികയാണ്. കൃപാവരം വിറ്റിട്ടായാലും, പിരിച്ചെടുത്തായാലും, കബളിപ്പിച്ചിട്ടായാലും, ഒരുക്കൂട്ടർ തേരിൽത്തന്നെ, വിണ്ടു കീറി വാതം പിടിച്ച കാലിലെ വള്ളിച്ചെരുപ്പ് അഴിച്ചെടുക്കാനുള്ള വ്യഗ്രതയോടെ ത്യാഗം പറയുന്ന മറ്റൊരു സ്വകാര്യ സ്വത്തുസമ്പാദനത്തിനിറങ്ങിത്തിരിയ്ക്കുന്നവർക്ക് മുഖപ്രസാദം കൊടുത്തൊരു പദവി ഉറപ്പാക്കി ഉറപ്പിക്കയെന്നെയെൻ നാഥാ എന്നു പാടുന്ന വേറൊരു നല്ലപക്ഷം. കണക്കുപ്പറയുന്ന ദിവസം കർത്താവിന്റെ കരത്തിൽ നിന്ന് രക്ഷപെടില്ലെന്നോർക്കണം.

ദൈവത്തിന്റെ സ്വത്തു വിതരണത്തേക്കുറിച്ച് ദരിദ്രൻ ഒന്നും പറയാതിരുന്നതുപ്പോലെ പാസ്റ്റർമാരായ “ദരിദ്രരും” ഒന്നും പറയാതിരിക്കണമെന്നുള്ള പുളിച്ച പഠിപ്പിയ്ക്കലും നല്ല പാഠമായ് ചെവിയോരം മൊഴിയുന്നവർ ഏറെ, സംഘടനാവളർച്ച ത്വരിതപ്പെടുകയും, ജനാധിപത്യ മര്യാദകൾക്കടിവരയിട്ട് ഇലക്ഷൻ, വോട്ട്, പ്രചരണതുക കെട്ടിവെയ്ക്കൽ നേതാക്കന്മാരെ ആനയിക്കൽ (Policts) ഇവയൊക്കെ നടത്തുമ്പോൾ, കേന്ദ്രീകൃതമായ രീതിയിൽ പാസ്റ്റർമാർക്കുള്ള ശമ്പളവിതരണവും നമുക്കെന്തേ അയിത്തമായിരിക്കുന്നു? പൊതുവായ വിഭവ സമാഹകരണം നടത്തി, ശുശ്രൂഷകന്മാരേ ഗ്രേഡ് അടിസ്ഥാനത്തിൽ വിഭാഗിച്ച്, സംഘടനയുടെ ഭരണഘടനകൾക്കപ്പുറമുള്ള പ്രവർത്തനങ്ങളെ ഒന്നായി ലയിപ്പിച്ചോ, പിരിച്ചുവിട്ടോ, ഭരണാർജ്ജവത്തം കാട്ടേണ്ടിയിരിക്കുന്നു. അങ്ങനെയായാൽ ഞെരുക്കമുള്ള ശുശ്രൂഷകന്മാർക്കൊരു തണലാകും.

ഓർക്കണം, അകത്തെ ശുന്യത നിറപ്പാൻ തീ പിടിച്ച ഹൃദയത്തോടെ വിങ്ങിവിങ്ങിക്കരയുന്നവന്റെ കയ്യിൽ കിട്ടുന്ന വേകാത്ത അപ്പം പോലും അവൻ വായിൽ നിറച്ച് ആസ്വദിച്ചു കഴിയ്ക്കുകയാണ്. വെന്ത അപ്പത്തെക്കുറിച്ചുള്ള രുചി അവൻ അറികായ്കമൂലം സ്വാദിനെക്കുറിച്ചവൻ അജ്ഞനാകുന്നു. അങ്ങനെ യഥാർത്ഥ ശുശ്രൂഷകൻ അജ്ഞനായ് പലതും കണ്ടിട്ടും കേട്ടിട്ടും കേൾക്കാതെയും കടന്നു പോകുന്നു. ദൗത്യ നിർവ്വഹണത്തിൽ അവർക്കൊരു തുണ വിളിച്ചവൻ മാത്രം.

## 08 കഥ........

മുമ്പ് താൻ ചെയ്ത ചെറിയ ഒരു തെറ്റ്.... തന്റെ തിരക്കുകൾക്കിടയിൽ ഒരു നിമിഷം അവൾക്ക് കൊടുക്കാൻ താൻ തയ്യാറായിരുന്നുവെങ്കിൽ..... ജെയിംസിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ അടർന്നു വീണു.

“ഇത് ഇന്നത്തെ ക്രിസ്തീയ സമൂഹത്തിലെ പ്രധാന പ്രശ്നമാണ് ജെയിംസ്. തങ്ങളുടെ മക്കളെ നല്ല രീതിയിൽ വളർത്തുവാനോ, അവർക്ക് വേണ്ട സ്നേഹവും പരിഗണയും കൊടുക്കാനോ നമ്മൾ സമയം കണ്ടെത്തുന്നില്ല. ഇങ്ങനത്തെ കേസുകൾ നമ്മുടെ സമൂഹത്തിൽ വർദ്ധിക്കുകയാണ്”

“താങ്ക്സ് എ ലോട്ട് ഡോക്ടർ....സി യു....” യാത്ര പറഞ്ഞ് ജെയിംസ് ഇറങ്ങി.

കുറ്റബോധത്തോടെ നടക്കുമ്പോഴും ജെയിംസിന്റെ മനസ്സിൽ പല ചിത്രങ്ങളും ഓടി വന്നു. അഞ്ചപ്പവും രണ്ടു മീനുമായി നല്കുന്ന ബാലന്റെ അമ്മ, ബാലനു വേണ്ടി കരയുന്ന ഹാഗാർ, ശമുവേലിനായി കരയുന്ന ഹന്ന...... അങ്ങനങ്ങനെ..........

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 09

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
10/05/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2012-14

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748




## ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്

ബാംഗ്ലൂർ, കർണ്ണാടക

**ഏബനേസർ ഡിഗ്രി കോളേജ്**

ബി. കോം, ബി ബി എം, ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ അഡ്മിഷൻ ആരംഭിക്കുന്നു

**ഏബനേസർ കോളേജ് & സ്കൂൾ ഓഫ് നേഴ്സിംഗ്**

(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

**എബനേസർ പബ്ലിക് സ്കൂൾ**

L.K.G. to 10th ICSE Syllabus, നൂറുശതമാനം വിജയം, 5 -ാം ക്ലാസ്സു മുതൽ ബോർഡിംഗ് സൗകര്യം ലഭ്യമാണ്

ബി.എസ്.സി. നേഴ്സിംഗ് കാലാവധി - 4 വർഷം / യോഗ്യത - 10 +2/ 45% സയൻസ് ഗ്രൂപ്പ് / ജി. എൻ.എം. കാലാവധി - 3 വർഷം / യോഗ്യത - 10 +2/ 40%

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം, ആരാധന സൗകര്യം, കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

**Brisbane North**
INSTITUTE OF TAFE

▶ Diploma in Hospitality (Australian Degree)
Brisbane North Institute of TAFE - Queensland

Academic Requirements:
Grade 12 (10+2) Minimum 50%
Intake: June

Course Details
Duration: 12 Months,
Full Time
Eben-Ezer Campus Banglore

Outcome
BNIT's Diploma Programs also offer established direct entry pathways into Bachelor Degree programs at top Queensland universities with up to 1 year credit

The Administrator
Eben-Ezer Institutions, No. 19, Ebenezer Nagar,
Kothanur P.O, Bangalore - 560 077
Tel: 080 - 28444201, 65654909, 28445678, 09740157249,
09448476968, 09845890178, 09900002504

വിജയത്തിന്റെ പടവുകൾ താണ്ടുന്ന ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Web Site: www.ebenezerblr.org E -mail : ebenezerblr@yahoo.co.in

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.